സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി**
**മാഗസിൻ**

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
**മാഗസിൻ**

2023 ജൂലൈ 14 വെള്ളി | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

# യു.പിയിൽ ആദിവാസി യുവാവിന്റെ വായിൽ മൂത്രമൊഴിച്ചു; രണ്ടുപേർ പിടിയിൽ



ലഖ്നോ: മധ്യപ്രദേശിൽ ആദിവാസി യുവാവിന്റെ തലയിൽ ബി.ജെ.പി നേതാവ് മൂത്രമൊഴിച്ചതിന്റെ വിവാദം കെട്ടടങ്ങും മുമ്പ് ഉത്തർ പ്രദേശിലും സമാനസംഭവം. യു.പിയിലെ സോൻഭദ്ര ജില്ലയിൽ ആദിവാസി യുവാവിന്റെ വായിൽ ഒരാൾ മൂത്രമൊഴിക്കുന്ന ദൃശ്യമാണ് സോഷ്യൽ മീഡിയയിൽ വ്യാപകമായി പ്രചരിക്കുന്നത്.

കുസ്പർവയി?ലെ ഘടിഹത തോല ഗ്രാമത്തിലാണ് ഞെട്ടിക്കുന്ന സംഭവം അരങ്ങേറിയത്. വിഡിയോ പ്രചരിച്ചതോടെ യുപി പൊലീസ് നടത്തിയ അന്വേഷണത്തിൽ രണ്ടുപേരെ പൊലീസ് പിടികൂടി. ഇവർ ഇരയുടെ സുഹൃത്തുക്കളാണെന്ന് സോൻഭദ്ര പൊലീസ് ടിറ്ററിലൂടെ അറിയിച്ചു.

സോൻഭദ്രയിൽ ഈമാസം വാർത്തയിൽ ഇടം പിടിച്ച രണ്ടാമത്തെ ദലിത് പീഡനമാണിത്. ജൂലൈ ആദ്യം ആദിവാസി വിഭാഗത്തിൽപ്പെട്ട യുവാവിനെ ഉയർന്ന ജാതിക്കാരൻ മർദിക്കുകയും കാലുകൾ നക്കാൻ നിർബന്ധിക്കുകയും ചെയ്തിരുന്നു. സംഭവത്തിൽ വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥൻ തേജ്ബാലി സിങ്ങിനെ അറസ്റ്റ് ചെയ്തിരുന്നു. എസ്സി/എസ്ടി ആക്ട് പ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ മറ്റുവകുപ്പുകൾ പ്രകാരവുമാണ് ഇയാൾക്കെതിരെ കേസെടുത്തത്.

മധ്യപ്രദേശിൽ ആദിവാസി യുവാവിന്റെ ദേഹത്ത് ബി.ജെ.പി നേതാവ് മൂത്രമൊഴിച്ചത് രാജ്യവ്യാപക പ്രതിഷേധത്തിന് ഇടയാക്കിയിരുന്നു. പ്രവേശൻ ശുക്ല എന്നയാളാണ് ദഷ്മത് റാവത്ത് എന്ന ആദിവാസി യുവാവിന്റെ ദേഹത്ത് പരസ്യമായി മൂത്രമൊഴിച്ചത്. ശുക്ലക്കെതിരെ ദേശീയ സുരക്ഷാ നിയമ (എൻഎസ്എ) പ്രകാരം കേസെടുത്തിരുന്നു. ബി.ജെ.പി ഭരിക്കുന സംസ്ഥാനത്ത് ദലിതർക്ക് നേരെ നടക്കുന്ന പീഡനം വൻ വിവാദമായതോടെ മുഖം രക്ഷിക്കാൻ പ്രതി ശുക്ലയുടെ സിദ്ധിയിലെ വീടിന്റെ അനധികൃത ഭാഗം ജെ.സി.ബി ഉപയോഗിച്ച് തകർക്കുകയും ഇരയുടെ കാൽ മുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാൻ കഴുകുകയും ചെയ്തിരുന്നു.

# വ്യാജ ബിരുദ സർട്ടിഫിക്കറ്റ് കേസ്: നിഖിൽ തോമസിന് ജാമ്യം

വ്യാജ ബിരുദ സർട്ടിഫിക്കറ്റ് കേസിൽ പ്രതി നിഖിൽ തോമസിന് ജാമ്യം അനുവദിച്ചു. ഹൈകോടതിയാണ് കർശന വ്യവസ്ഥകളോടെ ജാമ്യം അനുവദിച്ചത്.

ജൂൺ 23നാണ് നിഖിൽ അറസ്റ്ററിലാകുന്നത്. ജസ്റ്റിസ് സിയാദ് റഹ്മാന്റെ ബെഞ്ചാണ് ജാമ്യം അനുവദിച്ചത്. നേരത്തെ, വ്യാജ സർട്ടിഫിക്കറ്റ് കേസിൽ ഒളിവിൽ പോയ മുൻ എസ്.എഫ്.ഐ നേതാവായിരുന്ന നിഖിൽ തോമസിനെ സി.പി.എമ്മിൽ നിന്ന് പുറത്താക്കിയിരുന്നു.

കായംകുളം മാർക്കറ്റ് ബ്രാഞ്ചിൽ അംഗമായിരുന്ന നിഖിലിനെ ജില്ല കമ്മിറ്റിയാണ് പുറത്താക്കിയത്. നിഖിൽ തോമസ് കായംകുളം എം.എസ്.എം കോളജിൽ എംകോമിനു ചേർന്നത് ബികോം ജയിക്കാതെയെന്ന് സ്ഥിരീകരിച്ചതിന് പിന്നാലെയാണ് നടപടികൾ സ്വീകരിച്ചത്.

ഇയാൾ ഹാജരാക്കിയ ഛത്തീസ്ഗഡ് കലിംഗ സർവകലാശാലാ രേഖകൾ വ്യാജമാണെന്നു കേരള സർവകലാശാല വൈസ് ചാൻസലറും കലിംഗ സർവകലാശാല റജിസ്ട്രാറും എം.എസ്.എം കോളജ് പ്രിൻസിപ്പലും സ്ഥിരീകരിച്ചിരുന്നു.

അതേസമയം, നിഖിൽ തോമസിന് വ്യാജ സർട്ടിഫിക്കറ്റ് നിർമ്മിച്ച കൊച്ചിയിലെ ഓറിയോൺ ഏജൻസി ഉടമയും പിടിയിലായിരുന്നു. പാലാരിവട്ടത്തെ 'ഓറിയോൺ എഡ്യു വിങ്ങ് ' സ്ഥാപനത്തിന്റെ ഉടമ സജു എസ് ശശിധരൻ ആണ് അറസ്റ്റിലായത്. ബി.കോം ഡിഗ്രി ഉൾപ്പെടെ അഞ്ച് രേഖകൾ ഇയാൾ വ്യാജമായി ഉണ്ടാക്കിയെന്ന് പൊലീസ് അറിയിച്ചു. മാർക്ക് ലിസ്റ്റ്, ടി സി, മൈഗ്രേഷൻ, പ്രൊവിഷണൽ സർട്ടിഫിക്കറ്റ് എന്നിവയാണ് ഇയാൾ വ്യാജമായി നിർമ്മിച്ചത്.

# പാർലമെന്റിൽ ഏക സിവിൽകോഡിനെതിരെ ഏകകണ്ഠമായ അഭിപ്രായം സ്വീകരിക്കണമെന്ന് എം.പിമാരോട് മുഖ്യമന്ത്രി പിണറായി

പാർലമെന്റിൽ ഏക സിവിൽകോഡിനെതിരെ ഏകകണ്ഠമായ അഭിപ്രായം സ്വീകരിക്കണമെന്ന് എം.പിമാരോട് മുഖ്യമന്ത്രി പിണറായി വിജയൻ. ജൂലൈ 20ന് ആരംഭിക്കുന്ന പാർലമെന്റ് മഴക്കാല സമ്മേളനത്തിന് മുന്നോടിയായാണ് മുഖ്യമന്ത്രി എം.പിമാരുടെ യോഗം വിളിച്ചുചേർത്തത്. യോഗത്തിൽ വെച്ചായിരുന്നു മുഖ്യമന്ത്രിയുടെ അഭ്യർത്ഥന.രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും എല്ലാ വിഭാഗങ്ങളുടെയും വിശ്വാസ്യതയും തുല്യ പങ്കാളിത്തവും അനിവാര്യമായിരിക്കെ, ചില ന്യൂനപക്ഷ വിഭാഗങ്ങളുടെ മനസ്സിൽ ഭീതിയും ആശങ്കയും പരത്തി ധ്രുവീകരണം ലക്ഷ്യമിട്ടുള്ള നടപടിയായി ഏക സിവിൽ കോഡ് മാറരുത്.

ഈ അഭിപ്രായം മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങളിൽ വിശ്വസിക്കുന്ന എല്ലാവർക്കുമുണ്ട്. മതനിരപേക്ഷതയുടെ കാര്യത്തിൽ രാജ്യത്തിനാകെ മാതൃകാ സംസ്ഥാനമായ കേരളത്തിന്റെ വിവിധ മണ്ഡലങ്ങളെ പ്രതിനിധാനം ചെയ്യുന്ന പാർലമെന്റ് അംഗങ്ങൾ ഏകകണ്ഠമായ അഭിപ്രായം ഇക്കാര്യത്തിൽ സ്വീകരിക്കണം' മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

സംസ്ഥാന വിഷയങ്ങളിൽ കേന്ദ്രം നടത്തുന്ന നിയമനിർമ്മാണ നടപടികളെ പാർലമെന്റിൽ ശക്തമായി എതിർക്കണം. 2023 ഓഗസ്റ്റ് 15 മുതൽ സെപ്തബർ 15 വരെ ഗൾഫ് രാജ്യങ്ങളിൽ നിന്നും കേരളത്തിലേക്കുള്ള വിമാനക്കൂലിയിൽ അമിതമായ വർധന ഉണ്ടായിട്ടുണ്ട്. ഓണക്കാലത്ത് കേരളത്തിലേക്ക് വരുന്ന പ്രവാസികൾക്ക് ഇത് ഏറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന കാര്യമാണ്.

ഈ വിഷയം കേന്ദ്രവ്യോമയാന മന്ത്രിക്ക് അയച്ച കത്തിൽ എടുത്ത് പറഞ്ഞിട്ടുണ്ടെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

# കെ. റെയിൽ: ഔദ്യോഗികമായി ചർച്ച നടത്തിയിട്ടില്ല; സംസ്ഥാനം ആവശ്യപ്പെട്ടാൽ സഹകരിക്കും– ഇ. ശ്രീധരൻ

കൊച്ചി: കെ. റെയിൽ സംബന്ധിച്ച് ഔദ്യോഗികമായി സർക്കാരുമായി ചർച്ച നടത്തിയിട്ടില്ലെന്ന് മെട്രോമാൻ ഇ. ശ്രീധരൻ. പദ്ധതി കേരളത്തിന് ആവശ്യമാണ്. സംസ്ഥാനം ആവശ്യപ്പെട്ടാൽ വികസനത്തിനായി സഹകരിക്കും. അതിന് രാഷ്ട്രീയം നോക്കില്ല എന്നും അദ്ദേഹം പറഞ്ഞു.

നിലവിൽ കെ-റെയിലുമായി ബന്ധപ്പെട്ട് നൽകിയ നിർദ്ദേശങ്ങളിൽ സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. മുഖ്യമന്ത്രിയുടെ അറിവോടെയാണ് കെ.വി തോമസ് വന്നത്. കെ.വി തോമസ് ആവശ്യപ്പെട്ട പ്രകാരമാണ് കുറിപ്പ് നൽകിയതെന്നും കേരളത്തിന് ഹൈസ്പീഡ് /സെമി ഹൈസ്പീഡ് റെയിലാണ് അഭികാമ്യമെന്നും ഇ. ശ്രീധരൻ പറഞ്ഞു. നിർമ്മാണ ചുമതല സംബന്ധിച്ചും സർക്കാരിനെ നിർദ്ദേശം അറിയിച്ചു. ഇന്ത്യൻ റെയിൽവെയോ ഡൽഹി മെട്രോയോ ഇതിന്റെ നിർമ്മാണം നടത്തണം. മുഖ്യമന്ത്രിയെ കാണാൻ തയ്യാറാണെന്നും ശ്രീധരൻ പറഞ്ഞു.



പുതിയ പദ്ധതി എല്ലാവരുടെയും സഹകരണത്തോടെ നടപ്പാക്കും. കേന്ദ്രത്തെ ഉൾപ്പെടുത്തിയാൽ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകില്ല. ഡൽഹി മെട്രോ, കൊങ്കൺ റെയിൽവേ എന്നീ മാതൃക ആലോചിക്കാവുന്നതാണ്. എംബാങ്ക് മെന്റിന് പകരം എലിവേറ്റഡ് പാത ആയാൽ പരിസ്ഥിതി നാശം ഒഴിവാക്കാം. 18 മാസം കൊണ്ട് പുതിയ ഡിപിആർ തയ്യാറാക്കാം. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരുന്ന കാലത്ത് ഹൈ സ്പീഡ് റെയിൽവേ ചർച്ച നടത്തിയിരുന്നു. കെ റെയിൽ വേണ്ട എന്ന കോൺഗ്രസിന്റേത് അവരുടെ അഭിപ്രായമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# സ്വപ്നങ്ങൾ ചിറകിലേറ്റി ചന്ദ്രയാൻ മൂന്ന് കുതിച്ചുയർന്നു

140 കോടി ഇന്ത്യക്കാരുടെ സ്വപ്നങ്ങൾ ചിറകിലേറ്റി ചന്ദ്രയാൻ മൂന്ന് കുതിച്ചുയർന്നു. ഉച്ചക്ക് 2.35ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിലെ രണ്ടാം വിക്ഷേപണ തറയിൽ നിന്ന് വിക്ഷേപണ വാഹനമായ എൽ.വി.എം 3 റോക്കറ്റിലാണ് ചന്ദ്രയാൻ മൂന്ന് പേടകം വിജയകരമായി വിക്ഷേപിച്ചത്. ഇതോടെ ഐ.എസ്.ആർ.ഒയുടെ 40 ദിവസം നീണ്ടു നിൽക്കുന്ന മൂന്നാം ചാന്ദ്രദൗത്യത്തിന് തുടക്കമായി.

ചന്ദ്രയാൻ മൂന്നിനെ ഭൂമിയുടെ ഭ്രമണപഥത്തിലാണ് എൽ.വി.എം 3 റോക്കറ്റ് എത്തിച്ചത്. ഭൂമിയുടെ ഏറ്റവും അടുത്തു വരുന്ന അകലം (പെരിജി) 170 കിലോമീറ്ററും ഭൂമിയുടെ ഏറ്റവും ദൂരെയുള്ള അകലം (അപ്പോജി) 36500 കിലോമീറ്ററിലുമുള്ള ഭ്രമണപഥത്തിലാണ് ചന്ദ്രയാൻ മൂന്ന് ഭ്രമണം ചെയ്യുന്നത്. ഖര, ദ്രാവക, ക്രയോജനിക് എൻജിനുകൾ കൃത്യമായി ജ്വലനം നടത്തിയതായി ഐ.എസ്.ആർ.ഒ അറിയിച്ചു.

ആഗസ്റ്റ് 24നാണ് ദൗത്യത്തിൻറെ ഭാവി നിർണയിക്കുന്ന ലാൻഡറിൻറെ ചന്ദ്രോപരിതലത്തിലെ സോഫ്റ്റ് ലാൻഡിങ്. ലാൻഡറിൻറെ ചന്ദ്രോപരിതലത്തിലെ സോഫ്റ്റ് ലാൻഡിങ്, ചന്ദ്രൻറെ മണ്ണിലൂടെയുള്ള റോവറിൻറെ സഞ്ചാരം, ചന്ദ്രനിലെ രഹസ്യങ്ങൾ തേടിയുള്ള ശാസ്ത്രീയ പരീക്ഷണങ്ങൾ എന്നിവയാണ് മൂന്നാം ദൗത്യത്തിലുള്ളത്.

പ്രൊപ്പൽഷൻ മൊഡ്യൂളിൻറെ സഹായത്തോടെ ഭൂമിയെ വലംവെക്കുന്ന പേടകം വരും ദിവസങ്ങളിൽ ഭ്രമണപഥം ഘട്ടം ഘട്ടമായി വികസിപ്പിച്ച് 40 ദിവസം കൊണ്ട് ചന്ദ്രൻറെ ഭ്രമണപഥത്തിലേക്ക് നീങ്ങും. ചന്ദ്രൻറെ കാന്തികവലയത്തിൽ പ്രവേശിക്കുന്ന പേടകം 100 കിലോമീറ്റർ വൃത്താകൃതിയിലെ ഭ്രമണപഥത്തിലേക്ക് മാറും. ഭ്രമണപഥം ചെറുതാക്കുന്ന പ്രൊപ്പൽഷൻ മൊഡ്യൂൾ, സോഫ്റ്റ് ലാൻഡിങ്ങിനായി ചന്ദ്രൻറെ 30 കിലോമീറ്റർ അടുത്തേക്ക് ലാൻഡറിനെ എത്തിക്കും.

പ്രൊപ്പൽഷൻ മൊഡ്യൂളിൽ നിന്ന് വേർപ്പെട്ട ലാൻഡർ ചന്ദ്രൻറെ ദക്ഷിണ ധ്രുവത്തിൽ സോഫ്റ്റ് ലാൻഡിങ് നടത്തുന്നതിനുള്ള ശ്രമം തുടങ്ങും. ഇതിനായി വെലോസിറ്റി കുറക്കാൻ ലാൻഡറിലെ നാല് ത്രസ്റ്ററുകൾ എതിർദിശയിലേക്ക് പ്രവർത്തിക്കും. ചന്ദ്രനോട് കൂടുതൽ അടുത്തെത്തുന്ന ലാൻഡർ നാലു കാലുകൾ ഉപയോഗിച്ച് സോഫ്റ്റ് ലാൻഡിങ് ചെയ്യും. ചന്ദ്രൻറെ ഉപരിതലത്തിൽ തൊടുന്ന ലാൻഡറിലെ റാംപിലൂടെ ആറു ചക്രങ്ങളുള്ള റോവർ ഉരുണ്ടിറങ്ങും. ചന്ദ്രനിൽ നിന്ന് ലാൻഡറും റോവറും ശേഖരിക്കുന്ന വിവരങ്ങൾ ലാൻഡർ ഭൂമിയിലെ നിയന്ത്രണ കേന്ദ്രത്തിന് കൈമാറും. 14 ഭൗമദിനത്തിന് സമാനമായ ഒരു ചാന്ദ്രദിനത്തിലാണ് ലാൻഡറും റോവറും ചന്ദ്രൻറെ ഉപരിതലത്തിൽ പരീക്ഷണം നടത്തുക.

ലാൻഡറും റോവറും പ്രൊപ്പൽഷൻ മൊഡ്യൂളും ഉൾപ്പെടുന്നതാണ് 3900 കിലോഗ്രാം ഭാരമുള്ള ചന്ദ്രയാൻ മൂന്ന് പേടകം. 26 കിലോയുള്ള റോവർ ഉൾപ്പെടെ 1752 കിലോയാണ് ലാൻഡറിൻറെ ആകെ ഭാരം. ചന്ദ്രയാൻ രണ്ടുമായി താരതമ്യം ചെയ്താൽ പരീക്ഷണ ഉപകരണങ്ങൾ കുറവായ പ്രൊപ്പൽഷൻ മൊഡ്യൂളിൻറെ ഭാരം 2148 കിലോഗ്രാമാണ്. 300 കോടി രൂപയാണ് ചന്ദ്രയാൻ മൂന്ന് ദൗത്യത്തിൻറെ ആകെ ചെലവ്.

ചന്ദ്രയാൻ മൂന്നിൽ ഏഴ് പരീക്ഷണ ഉപകരണങ്ങളാണ് ഉള്ളത്. ഇതിൽ നാലെണ്ണം ലാൻഡറിലും രണ്ടെണ്ണം റോവറിലും ഒരെണ്ണം പ്രൊപ്പൽഷൻ മൊഡ്യൂളിലുമാണ്. ചന്ദ്രനിലെ പ്ലാസ്മ സാന്ദ്രത നിർണയിക്കാനുള്ള റേഡിയോ അനാട്ടമി ഓഫ് മൂൺ ബൗണ്ട് ഹൈപ്പർസെൻസിറ്റീവ് അയണോസ്ഫിയർ ആൻഡ് അറ്റ്മോസ്ഫിയർ , ചന്ദ്രോപരിതലത്തിലെ ധ്രുവ പ്രദേശത്തിൻറെ താപനില പഠിക്കാനുള്ള ചന്ദ്ര സർഫേസ് തെർമോഫിസിക്കൽ എക്സ്പിരിമെൻറ്, ലാൻഡിങ് സൈറ്റിലെ ഭൂകമ്പ സാധ്യത അളക്കാനുള്ള ഇൻസ്ട്രമെൻറ് ഫോർ ലൂണാർ സീസ്മിക് ആക്ടിവിറ്റി , നാസയിൽ നിന്നുള്ള ലേസർ റിട്രോ റിഫ്ലക്ടർ അറേ എന്നിവയാണ് ലാൻഡറിലുള്ളത്.

ചന്ദ്രനിലെ രാസഘടന പരിശോധിക്കാനുള്ള ലേസർ ഇൻഡ്യൂസ്ഡ് ബ്രേക്ക്ഡൗൺ സ്പെക്ട്രോസ്കോപ്പ്, ചന്ദ്രനിലെ മൂലകഘടന നിർണയിക്കാനുള്ള ആൽഫ പാർട്ടിക്കിൾ എക്സ്റേ സ്പെക്ട്രോമീറ്റർ എന്നീ ഉപകരണങ്ങളാണ് റോവറിലുള്ളത്. ചന്ദ്രനെ വലംവെക്കുന്ന പ്രൊപ്പൽഷൻ മൊഡ്യൂളിൽ നിന്ന് ഭൂമിയെയും പ്രവഞ്ചത്തെയും നിരീക്ഷിക്കാനുള്ള സ്പെക്ട്രോ-പോളറിമെട്രി ഓഫ് ഹാബിറ്റബിൾ പ്ലാനറ്റ് എർത്ത് ആണ് മറ്റൊരു ഉപകരണം.



**ചന്ദ്രയാൻ മൂന്ന് കുതിച്ചുയരുന്നു**

# റാഗിങ്; കണ്ണൂരിൽ കോളജിലും സ്കൂളിലുമായി ഒമ്പത് കുട്ടികൾക്കെതിരെ കേസ്

കണ്ണൂർ: നവാഗതരായ വിദ്യാർഥികൾ എത്തിത്തുടങ്ങിയതോടെ ജില്ലയിലെ സ്കൂളുകളിലും കോളജുകളിലും റാഗിങ് ശക്തമാകുന്നു. ജില്ലയിൽ വ്യാഴാഴ്ച ചക്കരക്കല്ല്, കണ്ണൂർ ടൗൺ സ്റ്റേഷനുകളിലായി രണ്ട് റാഗിങ് കേസുകൾ റിപ്പോർട്ട് ചെയ്തു.

അഞ്ചരക്കണ്ടി ഡെൻറൽ കോളജിൽ ആലപ്പുഴ സ്വദേശിനിയായ ഒന്നാംവർഷ ബി.ഡി.എസ് വിദ്യാർഥിനിയെ റാഗ് ചെയ്ത സംഭവത്തിൽ ആറു സീനിയർ വിദ്യാർഥികൾക്കെതിരെയാണ് ചക്കരക്കല്ല് പൊലീസ് കേസെടുത്തത്. മേയ് അവസാനവും ജൂണിലുമാണ് മാസ്ക് ധരിച്ചെത്തിയ വിദ്യാർഥികൾ പെൺകുട്ടിയെ ഉപദ്രവിച്ചത്. മേയ് ആദ്യവാരം ഉച്ച ഭക്ഷണം കഴിക്കാൻ ഹോസ്റ്റലിലേക്ക് പോകവെ ബോയ്സ് ഹോസ്റ്റലിന് മുന്നിൽ വെച്ച് നാലുപേർ തടഞ്ഞുനിർത്തി താറാവ് മുട്ടയിടുന്നത് എങ്ങനെയെന്നു കാണിച്ചുകൊടുക്കാൻ ആവശ്യപ്പെടുകയായിരുന്നു. ഭീഷണിക്ക് വഴങ്ങി പ്രതികൾ പറഞ്ഞപ്രകാരം ചെയ്തു. പ്രതികളിലൊരാൾ പിറകിൽ നിന്ന് പരാതിക്കാരിയുടെ ചുരിദാർ ടോപ്പിൻറെ അറ്റം പൊക്കി സ്ത്രീത്വത്തെ അപമാനിക്കുകയും ചെയ്തു. ദൃശ്യം പ്രതികൾ മൊബൈൽ ഫോണിൽ പകർത്തി.

ജൂൺ 15ന് ക്ലാസിലേക്ക് പോകുന്ന സമയത്ത് ഹോസ്റ്റൽ ഗ്രൗണ്ടിനടുത്തുള്ള കാടുമൂടിയ സ്ഥലത്ത് വെച്ച് പ്രതികൾ ഭീഷണിപ്പെടുത്തി. നീ അന്ന് ചെയ്ത മുട്ടയിടുന്ന വീഡിയോ ഞങ്ങളുടെ ഫോണിലുണ്ടെന്നും അത് മറ്റുള്ളവരെ കാണിക്കുമെന്നും പറഞ്ഞ് ബ്ലാക്ക്മെയിൽ ചെയ്യുകയായിരുനു. തുടർന്ന് കൈയ്യിൽ കയറി പിടിച്ചതോടെ വിദ്യാർഥിനി പ്രതികളിലൊരാളെ കൈകൊണ്ട് അടിച്ചു. ഇതിനി?ടെ കൂട്ടത്തിലൊരാൾ വലതുകൈ പറകോട്ട് പിടിച്ച് ലൈംഗിക ഉദ്ദേശത്തോടെ പരാതിക്കാരിയുടെ പിൻഭാഗത്ത് പിടിച്ചമർത്തുകയും മറ്റുള്ളവർ ചേർന്ന് അഞ്ച് വർഷം ഇവിടെ പഠിക്കേണ്ടതാണെന്ന കാര്യം മറക്കേണ്ടെന്നും മറ്റും പറഞ്ഞ് ഭീഷണിപ്പെടുത്തുകയും ചെയ്തതായി പരാതിയിൽ പറയുന്നു.

വിദ്യാർഥിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ സ്ത്രീത്വത്തെ അപമാനിച്ചതിനും ഭീഷണിപ്പെടുത്തിയതിനും 1998 ലെ റാഗിങ് നിരോധന നിയമം ഉൾപ്പെടെയുള്ള വകുപ്പുകൾ ചേർത്താണ് ചക്കരക്കൽ പൊലീസ് കേസെടുത്തത്. റാഗ് ചെയ്ത വിദ്യാർഥികളെ തിരിച്ചറിഞ്ഞിട്ടില്ല. ഫാർമസി കോളജിലെ യൂനിഫോം ധരിച്ചെത്തിയ വിദ്യാർഥികളാണ് ആക്രമിച്ചത്.

അവധിയിൽ തുടർന്ന പെൺകുട്ടിയോട് രക്ഷിതാക്കൾ അന്വേഷിച്ചപ്പോഴാണ് റാഗിങ് വിവരം പുറത്തറിഞ്ഞത്. കഴിഞ്ഞ ദിവസം രക്ഷിതാക്കൾക്കൊപ്പമെത്തി കോളജിൽ നൽകിയ പരാതി പ്രിൻസിപ്പൽ ചക്കരക്കല്ല് പൊലീസിന് കൈമാറുകയായിരുന്നു.

ചൊവ്വ ഹയർസെക്കൻഡറി സ്കൂളിൽ പ്ലസ് വൺ വിദ്യാർഥിയെ റാഗ് ചെയ്ത സംഭവത്തിൽ മൂന്നുപേർക്കെതിരെയാണ് ടൗൺ പൊലീസ് കേസെടുത്തത്. കക്കാട് പാലക്കാട് സ്വാമിമഠം സ്വദേശിയായ 16കാരനെ ടീ ഷർട്ട് ധരിച്ചത് ചോദ്യം ചെയ്ത് സീനിയർ വിദ്യാർഥികൾ മർദിക്കുകയായിരുന്നു. വിദ്യാർഥിയുടെ പരാതിയിൽ ടൗൺ പൊലീസ് കേസെടുത്തു.

സ്കൂളുകളിലും കോളജുകളിലും റാഗിങ് തടയാൻ റാഗിങ് വിരുദ്ധ കമ്മിറ്റികളുണ്ടെങ്കിലും പലയിടത്തും നിർജീവമാണെന്ന് പരാതിയുണ്ട്. സ്ഥാപനത്തിന് ചീത്തപ്പേരുണ്ടാകുമെന്ന് കരുതി പല മാനേജ്മെന്റുകളും റാഗിങ് കേസുകൾ ഒതുക്കിത്തീർക്കുകയാണെന്നും പരാതിയുണ്ട്.

# 'അതിവേഗ റെയിൽ; കെ സുരേന്ദ്രന്റേത് വ്യക്തിപരമായ അഭിപ്രായം: ശോഭാ സുരേന്ദ്രൻ

അതിവേഗ റെയിലിൽ കെ സുരേന്ദ്രന്റേത് വ്യക്തിപരമായ അഭിപ്രായം മാത്രമാണെന്ന് ബിജെപി നേതാവ് ശോഭാ സുരേന്ദ്രൻ. നരേന്ദ്ര മോദി ജനവിരുദ്ധ തീരുമാനം എടുക്കില്ല. പാർട്ടിയുടെ നിലപാട് സംസ്ഥാന കമ്മിറ്റി യോഗത്തിന് ശേഷമേ തീരുമാനിക്കുകയുള്ളൂ. വികസനത്തിന് എതിരല്ല. എന്നാൽ ജനങ്ങളുമായി ചർച്ച ചെയ്ത് മാത്രമേ തീരുമാനമെടുക്കൂ എന്നും ശോഭാ സുരേന്ദ്രൻ പറഞ്ഞു. കോഴിക്കോട് കത്രിക വയറ്റിൽ കുടുങ്ങിയ സംഭവത്തിൽ നീതി വേണമെന്നാവശ്യപ്പെട്ട് ഹർഷിന നടത്തുന്ന സമരത്തിന് പിന്തുണ അർപ്പിച്ച് സംസാരിക്കുകയായിരുന്നു അവർ.

പാർട്ടി സംസ്ഥാന ഉപാധ്യക്ഷയേക്കാൾ സംസ്ഥാനത്തിനായി പ്രവർത്തിക്കേണ്ട ചുമതല വി മുരളീധരനുണ്ട്. രാജ്യസഭ എം പി സ്ഥാനം വരദാനമായി കിട്ടിയതാണെന്നും ശോഭാ സുരേന്ദ്രൻ പറഞ്ഞു. സമരപ്പന്തലിലേക്ക് മന്ത്രി വി



മുരളീധരൻ എത്തിയിട്ടില്ല. കോഴിക്കോട്ടുകാരൻ എന്ന നിലയിൽ അദ്ദേഹം എത്രയും പെട്ടെന്ന് സന്ദർശിക്കണം. പാർട്ടിയിൽ ചുമതലകൾ ഇല്ലെങ്കിലും ജനങ്ങൾക്കായി പ്രവർത്തിക്കുമെന്നും ശോഭാ സുരേന്ദ്രൻ പറഞ്ഞു. ആരോഗ്യ മേഖലയോട് സർക്കാരിന് അവഗണനയാണ്. നഴ്സിംഗ് പഠനത്തിന് പോലും സംസ്ഥാനത്ത് അവസരം ഒരുക്കുന്നില്ല. വിദഗ്ധ പഠനം ഇല്ലാത്ത ആളുകൾ ആണ് ആരോഗ്യമേഖലയിൽ. അടിയന്തിരമായി പ്രശ്നപരിഹാരം കാണാൻ വീണ ജോർജ്ജിന് എന്തുകൊണ്ട് കഴിയുന്നില്ലെന്നും ശോഭാ സുരേന്ദ്രൻ ചോദിച്ചു. ക്ലിഫ് ഹൗസിലെ കുളം നവീകരിക്കാൻ സർക്കാരിന് ഒരു തടസ്സവും ഇല്ല. എന്നാൽ അടിസ്ഥാന വർഗ്ഗങ്ങളുടെ നേർക്ക് കണ്ണടക്കുന്നു. കുടുംബ വാഴ്ചക്ക് മാത്രമാണു പിണറായി ശ്രദ്ധിക്കുന്നത്.ഹർഷിനക്ക് ആരോഗ്യ മന്ത്രി നൽകിയ വാക്ക് പാലിക്കാൻ തയ്യാറാകണം. അർഹമായ നഷ്ടപരിഹാരം നൽകി മാപ്പ് പറയാൻ മന്ത്രി തയ്യാറാവണം.

മെഡിക്കൽ കോളജ് സൂപ്രണ്ട് നിയമനത്തിൽ പോലും ഇതാണ് നടക്കുന്നതെന്നും ശോഭാ സുരേന്ദ്രൻ കൂട്ടിച്ചേർത്തു.

# മിഠായി തെരുവിൽ ജിഎസ്ടി റെയ്ഡ്; ഉദ്യോഗസ്ഥരെ കച്ചവടക്കാർ പൂട്ടിയിട്ടു

കോഴിക്കോട്: മിഠായിതെരുവിൽ ജി.എസ്.ടി വകുപ്പിൻറെ റെയ്ഡ്. നികുതി വെട്ടിപ്പ്കണ്ടെത്തിയതിനെ തുടർന്നാണ് റെയ്ഡ് നടത്തിയത്. പരിശോധനയ്ക്കെത്തിയ ഉദ്യോഗസ്ഥരെ കച്ചവടക്കാർ പൂട്ടിയിട്ടു. 27 കോടിയുടെ നികുതി വെട്ടിപ്പ് നടന്നിട്ടുണ്ടെന്ന് ജി.എസ്.ടി ഇന്റലിജൻസ് അസിസ്റ്റന്റ് കമ്മീഷണർ ടി.എ അശോകൻ പറഞ്ഞു.25 ഓളം കടകളിലാണ് വെട്ടിപ്പ് നടത്തിയത്. പരിശോധനകൾ പൂർത്തിയാക്കിയാലേ തട്ടിപ്പിന്റെ വ്യാപ്തി മനസിലാകൂവെന്നും അദ്ദേഹം പറഞ്ഞു.എന്നാൽ മുൻകൂട്ടി അറിയിക്കാതെയാണ് റെയ്ഡ് നടത്തിയതെന്നാണ് കച്ചവടക്കാർ പറയുന്നത്.

# സി.എ.എ പ്രതിഷേധക്കേസുകളിൽ സർക്കാർ പിൻവലിക്കാൻ തീരുമാനിച്ചത് ഏഴ് ശതമാനം മാത്രം

തിരുവനന്തപുരം: പൗരത്വ നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങൾക്കെതിരെ കേരളത്തിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ സർക്കാർ പിൻവലിക്കാൻ തീരുമാനിച്ചത് ഏഴ് ശതമാനം മാത്രം.

ആകെ രജിസ്റ്റർ ചെയ്ത 835 കേസുകളിൽ 59 എണ്ണം മാത്രമാണ് പിൻവലിക്കാൻ ഇതുവരെ സർക്കാർ നിരാക്ഷേപപത്രം നൽകിയത്. രണ്ടുവർഷം മുൻപാണ് സി.എ.എ വിരുദ്ധ കേസുകൾ പിൻവലിക്കുമെന്ന് സർക്കാർ ഉത്തരവിറക്കിയത്.




ഏക സിവിൽ കോഡുമായി ബന്ധപ്പെട്ട് ഭരണകക്ഷിയായ സി.പി.എം അടക്കമുള്ള രാഷ്ട്രീയ പാർട്ടികൾ യോജിച്ച പ്രക്ഷോഭങ്ങൾ ആലോചിക്കുന്നതിനിടെയാണ് മൂന്നുവർഷം മുൻപ് നടന്ന പൗരത്വ ഭേദഗതി നിയമത്തിനെതിരായ സമരങ്ങൾ ചർച്ചയാകുന്നത്.

പൗരത്വ ഭേദഗതി നിയമത്തിനെതിരായ സമരങ്ങൾക്കെതിരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസുകളിൽ ഗുരുതര ക്രിമിനൽ സ്വഭാവം ഇല്ലാത്ത കേസുകൾ പിൻവലിക്കുമെന്ന് 2021 ഫെബ്രുവരി 26-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. രണ്ടുവർഷവും അഞ്ചു മാസവും പിന്നിട്ടിട്ടും ഉത്തരവ് വെറും വാക്കായി മാറുന്ന കാഴ്ചയ്ക്കാണ് കേരളം സാക്ഷ്യം വഹിക്കുന്നത്.

വിഷയവുമായി ബന്ധപ്പെട്ട് ഈ വർഷം ഫെബ്രുവരി ഒമ്പതിന് മുഖ്യമന്ത്രി പിണറായി വിജയൻ നേരിട്ട് എം.എൽ.എ എ.പി അനിൽകുമാറിന്റെ ചോദ്യത്തിന് നിയമസഭയിൽ മറുപടി നൽകിയിരുന്നു. പിൻവലിക്കാൻ തീരുമാനിച്ചത് 835 കേസുകളിൽ 59 എണ്ണം മാത്രമാണെന്നായിരുന്നു മറുപടി. അതായത് ഏഴ് ശതമാനം. ക്രിമിനൽ നടപടി ചട്ടം 321 പ്രകാരം സർക്കാർ നിരാക്ഷേപ പത്രം നൽകിയാൽ മാത്രമേ കോടതികൾക്ക് കേസുകൾ പിൻവലിക്കാൻ കഴിയൂ. കലാപാഹ്വാനക്കുറ്റമടക്കം പ്രധാനമായും അഞ്ച് വകുപ്പുകൾ ചുമത്തിയാണ് എല്ലാ കേസുകളും രജിസ്റ്റർ ചെയ്തിട്ടുള്ളത്.

ഭൂരിഭാഗം കേസുകളിലും ഇപ്പോഴും നിയമനടപടികൾ തുടരുകയാണ്. കേസിലെ പ്രതികൾക്ക് കോടതികളിൽ നിന്ന് സമൻസുകളും ലഭിച്ചുകൊണ്ടിരിക്കുന്നു. കേസുകൾ പിൻവലിക്കുന്നതിൽ സാങ്കേതിക കാരണങ്ങളാണ് സർക്കാരിനെ പിന്തുണയ്ക്കുന്നവർ ചൂണ്ടിക്കാണിക്കുന്നത്.

# വാക്കുതർക്കത്തെ തുടർന്ന് യുവാവ് കുത്തേറ്റു മരിച്ചു

കണ്ണൂർ: കാട്ടാമ്പള്ളി കൈരളി ഹെറിറ്റേജ് റിസോർട്ടിലെ ബാറിൽ വാക്കുതർക്കത്തെ തുടർന്ന് യുവാവ് കുത്തേറ്റു മരിച്ചു. ചിറക്കൽ കീരിയാട് ബുഖാരി മസ്ജിദിന് സമീപം തോട്ടോൻ മുസ്തഫയുടെ മകൻ റിയാസ് (43) ആണ് മരിച്ചത്. ഇന്നലെ രാത്രി 12 മണിക്കാണ് സംഭവം. പ്രതിയെന്ന് സംശയിക്കുന്ന ജിം നിസാം ഓടി രക്ഷപ്പെട്ടതായി പൊലീസ് അറിയിച്ചു. ഇയാളെ പിടികൂടാനായിട്ടില്ല.



വാക്കുതർക്കത്തിനിടെ റിയാസിന് കത്തികൊണ്ടു വയറ്റിൽ ആഴത്തിലുള്ള കുത്തേൽക്കുകയായിരുന്നു. ബാർ അധികൃതർ വിവരമറിയിച്ചതിനെ തുടർന്ന് വളപട്ടണം പോലിസ് സ്ഥലത്തെത്തി യുവാവിനെ കണ്ണൂർ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അതീവ ഗുരുതരാവസ്ഥയിലായിരുന്ന റിയാസ് ഇന്ന് പുലർച്ചെയാണ് മരിച്ചത്.

മൃതദേഹം വളപട്ടണം പൊലീസ് ഇൻക്വസ്റ്റ് നടത്തി കണ്ണൂർ ജില്ലാ ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. സംഭവത്തിൽ വളപട്ടണം പൊലീസ് കൊലക്കുറ്റത്തിന് കേസെടുത്ത് പ്രതിക്കായി അന്വേഷണം ഊർജിതമാക്കി. ഒന്നരമാസം മുൻപ് കണ്ണൂർ പൊലീസ് സ്റ്റേഷന് സമീപം റെയിൽവേ സ്റ്റേഷൻ കിഴക്കെ കവാടത്തിനടുത്തായി ചരക്കുലോറി ഡ്രൈവറെ കുത്തിക്കൊന്നിരുന്നു. കേളകം മണത്തണ സ്വദേശി ജിന്റോ ആണ് കൊല്ലപ്പെട്ടത്. ഇതിന്റെ നടുക്കം വിട്ടുമാറും മുൻപേയാണ് ഏതാനും കിലോമീറ്ററുകൾക്കപ്പുറം വീണ്ടും കൊലപാതകം അരങ്ങേറിയത്.

# ഒരു കുടുംബത്തിലെ നാലുപേർ വിഷം കഴിച്ചു; രണ്ടുപേർ മരിച്ചു

തിരുവനന്തപുരം: പെരിങ്ങമല പുല്ലാമുക്കിൽ ഒരു കുടുംബത്തിലെ അച്ഛനും അമ്മയും മക്കളുമടക്കം നാലുപേർ വിഷം കഴിച്ചു, രണ്ടുപേർ മരിച്ചു. പുല്ലാമുക്ക് സ്വദേശി ശിവരാജൻ(56), മകൾ അഭിരാമി(22) എന്നിവരാണ് മരിച്ചത്. ശിവരാജന്റെ ഭാര്യ ശാന്തിയും മകൻ അർജുനും മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഇന്നലെ രാത്രിയാണ് സംഭവം നടന്നത്. കടബാധ്യത മൂലമാണ് ആത്മ



ഹത്യാശ്രമമെന്നാണ് സൂചന. വിഴിഞ്ഞം പുളിങ്കുടി ജംഗ്ഷനിൽ ജ്വല്ലറി നടത്തിവരികയായിരുന്നു ശിവരാജൻ.

# തൃശ്ശൂരിൽ കാട്ടാനയെ കൊന്ന് റബ്ബർ തോട്ടത്തിൽ കുഴിച്ചുമൂടി ജഡം വനം വകുപ്പ് പുറത്തെടുത്തു

തൃശ്ശൂർ: കാട്ടാനയെ കൊന്നു കുഴിച്ചുമൂടിയതായി സംശയം. തൃശ്ശൂർ ജില്ലയിലെ ചേലക്കരക്കടുത്ത് മുള്ളൂർക്കര വാഴക്കോടാണ് സംഭവം നടന്നത്. റബ്ബർ തോട്ടത്തിലാണ് ആനയുടെ ജഡം കണ്ടെത്തിയത്. വിവരമറിഞ്ഞ് വനം വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി. ജെസിബി ഉപയോഗിച്ച് മണ്ണ് നീക്കി ആനയുടെ ജഡം പുറത്തെടുത്തു. റോയ് എന്ന സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണ് ഈ റബ്ബർ തോട്ടം.



കാട്ടാനയുടെ ജഡം പുറത്തെടുത്ത് പരിശോധിക്കുന്നു

വനം വന്യജീവി വിഭാഗത്തിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പരിശോധന. ആനയുടെ അസ്ഥികൂടം പരിശോധനയിൽ കണ്ടെത്തി. രണ്ടര മാസത്തെ പഴക്കമാണ് ഇതിന് സംശയിക്കുന്നത്. വേഗം അഴുകിപ്പോകാൻ എന്തെങ്കിലും രാസപദാർത്ഥം കലർത്തിയോ എന്ന് വ്യക്തമല്ല. ഇക്കാര്യം അടക്കം പരിശോധിക്കേണ്ടതുണ്ട്. സ്ഥലമുടമ റോയ് വനം വകുപ്പിന്റെ കസ്റ്റഡിയിലാണ്. ആനയെ വേട്ടയാടി പിടിച്ച് കൊലപ്പെടുത്തിയതാണോയെന്ന് വ്യക്തമായിട്ടില്ല. സംഭവത്തിൽ കൂടുതൽ പേർക്ക് പങ്കുള്ളതായാണ് അന്വേഷണ സംഘത്തിന്റെ സംശയം.

കാട്ടാനയുടെ ജഡത്തിൽ ഒരു കൊമ്പ് കാണാനില്ലെന്ന് വെറ്ററിനറി സർജൻ പറഞ്ഞു. മണ്ണിനടിയിൽ നിന്ന് പുറത്തെടുത്ത ആനയുടെ അസ്ഥികൂടത്തിൽ ഒരു കൊമ്പ് മാത്രമാണ് കിട്ടിയത്. ഒരു കൊമ്പ് മുറിച്ചെടുത്തതാണെന്നും കുഴിച്ചിട്ടാലും ദ്രവിക്കാത്തതാണ് ആനക്കൊമ്പെന്നും വെറ്ററിനറി സർജൻ വ്യക്തമാക്കി. ജഡം കണ്ടെത്തിയ റബ്ബർ എസ്റ്റേറ്റിന്റെ ഉടമ മണിയഞ്ചിറ റോയ് ഒളിവിലാണ്. ഇയാൾക്കായി തെരച്ചിൽ തുടങ്ങി.



## എ. ഭുവനേശ്വരി എസ്.ബി.ഐ ചീഫ് ജനറൽ മാനേജർ

കൊച്ചി: സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തിരുവനന്തപുരം സർക്കിളിന്റെ ചീഫ് ജനറൽ മാനേജരായി (സി.ജി.എം) എ. ഭുവനേശ്വരി ചുമതലയേറ്റു. ബാങ്കിങ് രംഗത്ത് മൂന്ന് പതിറ്റാണ്ടിന്റെ പരിചയസമ്പത്തുള്ള ഭുവനേശ്വരി 1994 ബാച്ചിലെ പ്രൊബേഷനറി ഓഫിസറായാണ് തുടക്കം.രാജസ്ഥാൻ, ഡൽഹി, ചെന്നൈ തുടങ്ങിയ സ്ഥലങ്ങളിൽ ബ്രാഞ്ച് മാനേജർ, റീജ്യണൽ മാനേജർ, സോണൽ മാനേജർ തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്. കോർപറേറ്റ് സെന്ററിൽ ജനറൽ മാനേജർ (റീഡിസൈൻ സ്റ്റുഡിയോ) ആയി പ്രവർത്തിച്ചു വരികയായിരുന്നു.

# നാദാപുരത്ത് ഡോക്ടറെ ആക്രമിച്ച കേസിൽ രണ്ടുപേർ അറസ്റ്റിൽ

കോഴിക്കോട്: നാദാപുരത്ത് ഡോക്ടറെ ആക്രമിച്ച കേസിൽ രണ്ടുപേർ അറസ്റ്റിൽ. കണ്ണൂർ കരിയാട് സ്വദേശികളായ സനൂപ്, ശരത് എന്നിവരാണ് പിടിയിലായത്. ആശുപത്രിയിലെ സിസിടിവി ദൃശ്യങ്ങളിൽ നിന്നാണ് പ്രതികളെ തിരിച്ചറിഞ്ഞത്. നാദാപുരം പേരോട് വെച്ചാണ് ഇരുവരെയും പോലീസ് അറസ്റ്റ് ചെയ്തത്. ചൊവ്വാഴ്ച അർധരാത്രിയായിരുന്നു ഇരുവരും ഡോക്ടറെ ആക്രമിച്ചത്.

നാദാപുരം താലൂക്ക് ആശുപത്രിയിൽ അത്യാഹിത വിഭാഗത്തിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോ. ഭരത് കൃഷ്ണയെയാണ് ഇരുവരും ആക്രമിച്ചത്. വയനാട്ടിൽ നിന്നുള്ളവരെന്ന് പറഞ്ഞു ചികിൽസ തേടിയെത്തിയവർക്കൊപ്പമാണ് ഇരുവരും ചൊവ്വാഴ്ച അർധരാത്രി ആശുപത്രിയിൽ എത്തിയത്. ചെവിക്ക് അസ്വസ്ഥതയുള്ള ആളുമായാണ് ഇവർ വന്നത്. ഇയാളെ പരിശോധിച്ചു മരുന്ന് നൽകിയപ്പോൾ കൂടെയുള്ള ആളിനും അസുഖം ഉണ്ടെന്നും മരുന്ന് വേണമെന്നും ഇവർ ആവശ്യപ്പെട്ടു.

എന്നാൽ, അസുഖം ഒന്നുമില്ലെന്നും മരുന്ന് തരാൻ സാധിക്കില്ലെന്നും ആശുപത്രി ജീവനക്കാർ ഇവരോട് പറഞ്ഞു. ഇതോടെ യുവാക്കൾ ജീവനക്കാരോട് കയർക്കുകയും ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഡോ. ഭരത് കൃഷ്ണയെ കയ്യേറ്റം ചെയ്യുകയുമായിരുന്നുവെന്നാണ് പരാതി. മർദ്ദനം, അസഭ്യവർഷം തുടങ്ങിയ വകുപ്പുകളും ആശുപത്രി സംരക്ഷണ നിയമപ്രകാരവുമാണ് കേസെടുത്തത്.

# സത്യൻ അനുസ്മരണ സമ്മേളനം നാളെ

കോഴിക്കോട്: വിശ്വദർശൻ ചാരിറ്റബിൾ ട്രസ്റ്റ് സംഘടിപ്പിക്കുന്ന മലയാളത്തിന്റെ മഹാനടൻ സത്യൻ അനുസ്മരണ സമ്മേളനം നാളെ (ശനി) വൈകിട്ട് 3 മണി മുതൽ 7 മണിവരെ ശിക്ഷക് സദനിൽ നടക്കും. പ്രശസ്ത എഴുത്തുകാരനും തിരക്കഥാകൃത്തുമായ പി.ആർ.നാഥൻ ഉൽഘാടനം ചെയ്യും. അഡ്വ.മഞ്ചേരി സുന്ദർ രാജ് അധ്യക്ഷത വഹിക്കും. എം.കെ.പ്രേംനാഥ് എക്സ് എം.എൽ.എ മുഖ്യാതിഥിയായിരിക്കും. പ്രൊഫ വർഗ്ഗീസ് മാത്യു ആദരിക്കൽ നിർവ്വഹിക്കും. സയ്യിദ് ഹാഷിം ശിഹാ



ബ് തങ്ങൾ (ഫൗണ്ടർ ചെയർമാൻ അറബിക് മ്യൂസിക് അക്കാദമി), ആറ്റക്കോയ പള്ളിക്കണ്ടി, നവീന സുഭാഷ് (റീജ്യനൽ കോ-ഓർഡിനേറ്റർ ചലച്ചിത്ര അക്കാദമി), പി.കെ.ശ്യാമദേവ് എന്നിവർ സത്യൻ അനുസ്മരണം നടത്തും.

കഥാകൃത്ത് ഗോകുൽദാസ്, സാമൂഹിക പ്രവർത്തകരായ സുമതി വാര്യർ, സലീം വട്ടക്കിണർ, എൻ.കെ.ത്രിജ, ഫോട്ടോ ഗ്രാഫർ ഒ.ശ്യാംരാജ് ചെന്നൈ ആശംസകൾ നേരും. തിരക്കഥാകൃത്ത് ടി.സജിൽ കുമാർ സ്വാഗതവും വിശ്വദർശൻ ട്രസ്റ്റ് ചെയർമാൻ ഒ.സ്നേഹരാജ് നന്ദിയും പറയും.

## കലയ്ക്കും സാംസ്ക്കാരിക വിനിമയത്തിനും വികസനത്തോളം പ്രാധാന്യം; ലഫ്.ഗവർണ്ണർ

മാഹി: വികസന പ്രവർത്തനങ്ങൾക്കൊപ്പം നാടിന്റെ കലാ-സാംസ്ക്കാരിക മേഖലയും വളർന്നു വന്നാലേ ചിന്താശേഷിയും, ഭാവനാസമ്പന്നവുമായ സമൂഹത്തെ വളർത്തിയെടുക്കാനാവുകയുള്ളുവെന്ന് പുതുച്ചേരി ലഫ്.ഗവർണ്ണർ ഡോ: തമിഴ്സെ സൗന്ദർരാജൻ അഭിപ്രായപ്പെട്ടു. ഇ.വത്സരാജ് സിൽവർ ജൂബിലി ഹാളിൽ കലാസാംസ്ക്കാരിക വകുപ്പിന്റെയും, തഞ്ചാവൂർ സൗത്ത് സോൺ കൾച്ചറൽ സെന്ററിന്റേയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ദ്വിദിന സാംസ്ക്കാരിക- കലോൽസവ- ചിത്രകലാ ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചടങ്ങിൽ സ്പീക്കർ ആർ. സെൽവം അദ്ധ്യക്ഷത വഹിച്ചു. സാംസ്ക്കാരിക മന്ത്രി ചന്ദ്ര പ്രിയങ്ക, രമേശ് പറമ്പത്ത് എം.എൽ. എ, ആർട്ട് ആന്റ് കൾച്ചർ സെക്രട്ടറി നെടുഞ്ചെഴിയൻ, റീജ്യണൽ അഡ്മിനിസ്ട്രേറ്റർ ശിവ്രാജ് മീണ എന്നിവർ സംസാരിച്ചു. ആർട്ട് & കൾച്ചർ ഡയറക്ടർ കലിയ പെരുമാൾ സ്വാഗതവും, വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ ഉത്തമ രാജ് മാഹി നന്ദിയും പറഞ്ഞു. തുടർന്ന് വിവിധ കലാട്രൂപ്പുകൾ അവതരിപ്പിച്ച വൈവിധ്യമാർന്ന കലാപരിപാടികൾ അരങ്ങേറി. ഗവ. ഹൗസ് റോഡിൽ ഗവ:ലൈബ്രറിക്ക് മുകളിൽ പുതുതായി ആരംഭിച്ച ആർട്ട് ഗാലറിയും ലഫ്: ഗവർണ്ണർ ഉദ്ഘാടനം ചെയ്തു.

## ഭരണമുന്നണിയും പ്രതിപക്ഷവും പ്രൊഫ. ജോസഫിനെ തീവ്രവാദികൾക്ക് എറിഞ്ഞുകൊടുത്തു; കെ.സുരേന്ദ്രൻ

കോഴിക്കോട്: കൈവെട്ട് കേസിലെ കുറ്റക്കാരായ ആറ് പ്രതികൾക്കും കോടതി ശിക്ഷ വിധിച്ചത് തീവ്രവാദികളെ സംരക്ഷിച്ചവർക്കേറ്റ പ്രഹരമാണെന്ന് ബി.ജെ.പി. സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ. അന്ന് ഭരണമുന്നണിയും പ്രതിപക്ഷവും പ്രൊഫ. ജോസഫിനെ തീവ്രവാദികൾക്ക് മുന്നിലേക്ക് എറിഞ്ഞുകൊടുക്കുകയാണ് ഉണ്ടായതെന്നും അദ്ദേഹം പ്രസ്താവനയിൽ ആരോപിച്ചു.



തീവ്രവാദപ്രവർത്തനമാണ് നടന്നതെത്. അധ്യാപകന്റെ കൈവെട്ടിയതിലൂടെ മതാധിഷ്ഠിത നീതിന്യായ വ്യവസ്ഥയുണ്ടാക്കാൻ പ്രതികൾ ശ്രമിച്ചെന്ന കോടതി പരാമർശം ബി.ജെ.പി.യുടെ വാദങ്ങൾ ശരിവയ്ക്കുന്നതാണ്.കേരളത്തിൽ നടന്ന ആദ്യത്തെ താലിബാൻ ശൈലിയിലുള്ള ആക്രമണമായിരുന്നു ജോസഫ് മാഷിന് നേരെ നടന്നത്. എൻ.ഐ.എ. അന്വേഷിച്ചതുകൊണ്ടുമാത്രമാണ് പ്രതികൾക്ക് ശിക്ഷ കിട്ടിയത്. സംസ്ഥാന പൊലീസ് ഇവരെ രക്ഷിക്കാനാണ് ശ്രമിച്ചതെന്നും കേരളത്തിൽ തീവ്രവാദപ്രവർത്തനം ഇപ്പോഴും ശക്തമായി തുടരുന്നത് ഭരണ-പ്രതിപക്ഷങ്ങളുടെ മൗനാനുവാദത്തോടെയാണെന്നും കെ. സുരേന്ദ്രൻ പറഞ്ഞു.

അന്നത്തെ വിദ്യാഭ്യാസ മന്ത്രി എം.എ. ബേബി നടത്തിയ അപക്വമായ പരാമർശമാണ് പോപ്പുലർ ഫ്രണ്ടുകാർക്ക് ഈ ഭീകരവാദപ്രവർത്തനം നടത്താൻ കരുത്തുപകർന്നതെന്നും ബേബി ഇനിയെങ്കിലും മാപ്പു പറയണമെന്നും സുരേന്ദ്രൻ ആവശ്യപ്പെട്ടു

## ഏകസിവിൽ കോഡ്

# യുഡിഎഫിൽ വിള്ളലുണ്ടാക്കാൻ ശ്രമിച്ച സിപിഎം ഒറ്റപ്പെട്ടു: കെ. സുധാകരൻ

തിരുവനന്തപുരം: യൂണിഫോം സിവിൽ കോഡിന്റെ പേരിൽ യുഡിഎഫിൽ വിള്ളലുണ്ടാക്കാൻ ശ്രമിച്ച സിപിഎം കേരളീയ പൊതുസമൂഹത്തിലും ഒറ്റപ്പെട്ടെന്ന് കെപിസിസി പ്രസിഡന്റ് കെ. സുധാകരൻ. സിപിഐയെ പോലും ബോധ്യപ്പെടുത്താനാകാത്ത സിപിഎം ഏകവ്യക്തി നിയമത്തിൽ ഒന്നിനു പിറകേ ഒന്നായി തിരിച്ചടികൾ നേരിടുകയാണെന്നും സുധാകരൻ പറഞ്ഞു.

പ്രമുഖരായ നിരവധി വ്യക്തികളും സാമൂഹിക സംഘടനകളും സിപിഎം സെമിനാറിൽ പങ്കെടുക്കില്ലെന്നു വ്യക്തമാക്കിയിട്ടുണ്ട്. മുസ്ലിം ലീഗിനെ പിടിക്കാൻ പോയവർക്ക് ഉത്തരത്തിലിരുന്നത് കിട്ടിയുമില്ല, കക്ഷത്തിലിരുന്നതു പോകുകയും ചെയ്തു. ഐക്യജനാധിപത്യ മുന്നണിയിൽ വിള്ളലുണ്ടാക്കാൻ ശ്രമിച്ച സിപിഎം, ഇടതുമുന്നണിയെ പൊട്ടിത്തറിയുടെ വക്കിലാണ് എത്തിച്ചിരിക്കുന്നത്.



സിപിഐയുടെ പ്രമുഖ നേതാക്കൾ സെമിനാറിൽ പങ്കെടുക്കില്ലെന്നു തീരുമാനിച്ചത് സിപിഎമ്മിന്റെ മുഖത്തേറ്റ അടിയാണ്. സിപിഐയെ മൂലയ്ക്കിരുത്തിയുള്ള സിപിഎമ്മിന്റെ ഏകപക്ഷീയമായ പോക്കുമൂലം മുന്നണി തന്നെ ശിഥിലമാകുന്നുവെന്നും സുധാകരൻ പറഞ്ഞു.

മൂന്നു മാസത്തിലധികമായി ഇടതുമുന്നണിയോഗം ചേർന്നിട്ട്. എം.വി. ഗോവിന്ദൻ പാർട്ടി സെക്രട്ടറിയായതു മുതൽ ഇടഞ്ഞുനിൽക്കുന്ന ജയരാജനെ റിസോർട്ട് വിഷയത്തിൽ പാർട്ടി കൈവിട്ടതും അദ്ദേഹത്തെ ചൊടിപ്പിച്ചു. കാർഷികോൽപന്നങ്ങളുടെ മൂല്യവർധനയും വിപണനവും ലക്ഷ്യമിട്ട് രൂപീകരിക്കുന്ന കമ്പനിയെ മന്ത്രിസഭായോഗത്തിൽ വച്ച് മുഖ്യമന്ത്രി വെട്ടിയത് സിപിഐയുടെ കൃഷിമന്ത്രി പി.പ്രസാദിന് കനത്ത തിരിച്ചടിയായി. കടക്കെണിയിലാകുന്ന കർഷകർക്ക് ഒരു തവണമാത്രം കടാശ്വാസം നൽകിയാൽ മതിയെന്ന സർക്കാർ തീരുമാനവും സിപിഐയെ ചൊടിപ്പിച്ചിട്ടുണ്ട്.ഇഎംഎസിനെയും ഇ.കെ. നായനാരെയും പോലുള്ള പ്രമുഖ നേതാക്കളെ തള്ളിക്കളയുന്ന അഭിനവ നേതൃത്വത്തിന്റെ പിടിപ്പുകേടിൽ പാർട്ടിക്കുള്ളിൽ വലിയ എതിർപ്പുണ്ട്. രാഷ്ട്രീയലക്ഷ്യം മാത്രം മുന്നിൽ നിർത്തി കേരളീയ സമൂഹത്തെ വർഗീയവത്കരിക്കുന്ന സിപിഎം നിലപാടുകളിൽ പാർട്ടിക്കകത്ത് അതൃപ്തിയുള്ളവരും ഏറെയാണെന്നും സുധാകരൻ പറഞ്ഞു.

# വിവാഹത്തലേന്ന് അച്ഛൻ കൊല്ലപ്പെട്ട ശ്രീലക്ഷ്മി വിവാഹിതയായി

തിരുവനന്തപുരം: വർക്കലയിൽ വിവാഹത്തലേന്ന് അച്ഛൻ കൊല്ലപ്പെട്ടതിനെ തുടർന്ന് മാറ്റിവച്ച വിവാഹം നടന്നു. വർക്കല ശിവഗിരി ക്ഷേത്രത്തിലാണ് വിവാഹം നടന്നത്. വിവാഹത്തലേന്ന് നാലംഗ സംഘം വീട്ടിൽ അതിക്രമിച്ച് കയറി അച്ഛനെ കൊലപ്പെടുത്തിയതിനെ തുടർന്നാണ് വിവാഹം മാറ്റിവച്ചത്. ശിവഗിരി ശാരദാമഠത്തിൽ വച്ചായിരുന്നു വിവാഹ ചടങ്ങുകൾ.

ചെറുമയ്യൂർ സ്വദേശി വിനുവാണ് ശ്രീലക്ഷ്മിയെ വിവാഹം കഴിച്ചത്. നേരത്തെ ഈ വിവാഹം നിശ്ചയിച്ച ദിവസത്തിന്റെ തലേന്ന് രാത്രിയാണ് രാജു കൊല്ലപ്പെട്ടത്. ശ്രീലക്ഷ്മിയുടെ കുടുംബം കടുത്ത സങ്കടക്കടലിൽ നിൽക്കെ വിവാഹം മാറ്റിവച്ചിരുന്നു.

പിന്നീട് കുടുംബത്തിന് എല്ലാ വിധ പിന്തുണയും നൽകി വിനുവും കുടുംബവും ഒപ്പം നിന്നു. വിനുവിന്റെ കുടുംബം മുൻകൈയെടുത്താണ് മാറ്റിവച്ച വിവാഹം ശാരദാമഠത്തിൽ വച്ച് നടത്തിയത്.



അടുത്ത ബന്ധുക്കൾ മാത്രം പങ്കെടുത്ത വിവാഹ ചടങ്ങ് വളരെ ചെറിയ രീതിയിലാണ് നടത്തിയത്. നേരത്തെ ബന്ധുക്കളും സുഹൃത്തുക്കളും അടക്കം നിരവധി പേരെ ക്ഷണിച്ച് ആഘോഷമായി നടത്താൻ നിശ്ചയിച്ച വിവാഹത്തിന്റെ തലേന്നായിരുന്നു രാജു കൊല്ലപ്പെട്ടത്. ശ്രീലക്ഷ്മിയെ വിവാഹം കഴിക്കാൻ വടശ്ശേരിക്കോണം സ്വദേശിയായ ജിഷ്ണു നേരത്തെ താത്പര്യം പ്രകടിപ്പിച്ചിരുന്നു. എന്നാൽ ശ്രീലക്ഷ്മിക്കും കുടുംബത്തിനും വിവാഹത്തിൽ താത്പര്യം ഉണ്ടായിരുന്നില്ല. മറ്റൊരാളുമായി ശ്രീലക്ഷ്മിയുടെ വിവാഹം നടത്തില്ലെന്ന് ജിഷ്ണു അന്ന് തന്നെ വെല്ലുവിളിച്ചിരുന്നു.കൊല്ലപ്പെട്ട രാജു ഗൾഫിൽ നിന്ന് മടങ്ങി വന്ന ശേഷം നാട്ടിൽ ഓട്ടോ ഡ്രൈവറായി ജോലി ചെയ്യുകയായിരുന്നു. ശ്രീലക്ഷ്മിയുടെ വിവാഹം നിശ്ചയിച്ചതിലെ വൈരാഗ്യം മൂലം വിവാഹത്തലേന്ന് വീട്ടിൽ അതിക്രമിച്ച് കയറി ജിഷ്ണുവും സഹോദരൻ ജിജിനും സുഹൃത്തുക്കളായ ശ്യം, മനു എന്നിവരും പ്രശ്നമുണ്ടാക്കുകയായിരുന്നു. പിന്നാലെ മൺവെട്ടി കൊണ്ട് രാജുവിനെ തലക്കടിച്ച് കൊലപ്പെടുത്തുകയായിരുന്നു. കേസിൽ നാല് പേരും റിമാന്റിലാണ്.

# ബിജെപി നിയമസഭാ മാർച്ചിനു നേരെ പൊലീസ് ലാത്തി ചാർജ്; ബിജെപി നേതാവ് കൊല്ലപ്പെട്ടു


ബിജെപി മാർച്ച് സംഘർഷത്തിലെത്തിയപ്പോൾ

പട്ന: ബിഹാറിൽ ബിജെപി നിയമസഭാ മാർച്ചിനു നേരെ പൊലീസ് ലാത്തി ചാർജ്. അക്രമത്തിൽ ബിജെപിയുടെ ജില്ലാ ജനറൽ സെക്രട്ടറി മരിച്ചു. ജഹനാബാദ് ജില്ലാ ജനറൽ സെക്രട്ടറിയായ വിജയ് കുമാർ സിങാണ് കൊല്ലപ്പെട്ടു. നിരവധി ബിജെപി പ്രവർത്തകർക്കും പരിക്കേറ്റിട്ടുണ്ട്. അദ്ദേഹത്തെ പട്ന മെഡിക്കൽ കോളജിൽ എത്തിച്ചു. എന്നാൽ രക്ഷിക്കാൻ സാധിച്ചില്ല.

ഗാന്ധി മൈതാനിൽ നിന്നു ആരംഭിച്ച മാർച്ച് ഡാക്ബംഗ്ലാ ചൗരാഹയിൽ എത്തിയപ്പോഴാണ് ലാത്തി ചാർജുണ്ടായത്. ജല പീരങ്കിയും കണ്ണീർ വാതകവും പ്രയോഗിച്ചതിനു പിന്നാലെയാണ് പൊലീസ് ലാത്തി ചാർജ് നടത്തിയത്. അധ്യാപക നിയമന ചട്ടം ഭേദഗതി ചെയ്യാനുള്ള മന്ത്രിസഭാ തീരുമാനത്തിനെതിരെയാണ് മാർച്ച് സംഘടിപ്പിച്ചത്.

ബിജെപി നേതാവിന്റെ മരണത്തിൽ പൊലീസിനെതിരെ കൊലക്കുറ്റത്തിനു കേസ് കൊടുക്കുമെന്ന് മുതിർന്ന ബിജെപി നേതാവ് സശീൽ കുമാർ മേ?ദി പ്രതികരിച്ചു. മുഖ്യമന്ത്രി നിതീഷ് കുമാറാണ് സംഭവങ്ങളുടെ മുഴുവൻ ഉത്തരവാദിയെന്നു സുശീൽ കുമാർ ആരോപിച്ചു.

എന്നാൽ, ബിജെപി നേതാവിന്റെ മരണ കാരണം എന്താണെന്നും വ്യക്തമല്ലെന്നു ജില്ലാ ഭരണം കൂടം പറയുന്നു. ഡാക്ബംഗ്ലാ ചൗരാഹയിൽ വിജയ് കുമാർ സിങ് ബോധരഹിതനായി കിടക്കുകയായിരുന്നു.

ശരീരത്തിൽ മുറിവേറ്റ പാടുകൾ ഒന്നുമുണ്ടായിരുന്നില്ലെന്നും ആശുപത്രിയിലെത്തിച്ചെങ്കിലും മരണം സംഭവിച്ചെന്നും ജില്ലാ ഭരണകൂടം വ്യക്തമാക്കി.

# കെഎസ്ആർടിസി
# മുഴുവൻ ശമ്പളവും ഈമാസം 20നകം നൽകണം

എറണാകുളം: കെഎസ്ആർടിസി ജീവനക്കാർക്ക് കഴിഞ്ഞ മാസത്തെ ശമ്പളം നൽകാൻ വൈകിയതിൽ രൂക്ഷ വിമർശനവുമായി ഹൈക്കോടതി. ഈ മാസം 20 നകം മുഴുവൻ ശമ്പളവും നൽകിയില്ലെങ്കിൽ കെഎസ്ആർടിസി എംഡി ഹാജരായി വിശദീകരണം നൽകണമെന്ന് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ മുന്നറിയിപ്പ് നൽകി.







അതേസമയം സർക്കാർ ധനസഹായമായ 30 കോടി ഇന്ന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും കാലതാമസം ഇല്ലാതെ ശമ്പളം വിതരണം ചെയ്യുമെന്നും കെഎസ്ആർടിസി അറിയിച്ചു. മാസം 220 കോടിയിലേറെ രൂപയുടെ വരുമാനമുള്ള കെഎസ്ആർടിസി എങ്ങനെയാണ് പ്രതിസന്ധിയിലേക്ക് പോകുന്നത് എന്ന് മനസ്സിലാകുന്നില്ലെന്ന് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു. വിരമിച്ച ജീവനക്കാരുടെ ആനുകൂല്യ വിതരണത്തിന് 11 കോടി രൂപ മാറ്റിവെക്കേണ്ടി വന്നതാണ് ശമ്പള വിതരണ പ്രതിസന്ധിക്ക് കാരണമായതെന്ന് കെഎസ്ആർടിസി വിശദീകരിച്ചു.

അതേസമയം ശമ്പളം മുടങ്ങിയതോടെ സമരം നടത്താനാണ് കെഎസ്ആർടിസി ജീവനക്കാരുടെ തീരുമാനം. ജീവനക്കാർ സിഎംഡി ഓഫീസ് ഉപരോധിക്കും. സംയുക്ത സമരസമിതിയുടെ നേതൃത്വത്തിലാണ് സമരം നടത്തുക. ഐഎൻടിയുസി യൂണിയന് ഒപ്പം സിഐടിയു യൂണിയനും സമരത്തിൽ പങ്കെടുത്തേക്കുമെന്നാണ് വിവരം.

## നിര്യാതനായി


കെ.സുരേന്ദ്രൻ

ചൊക്ലി: കാഞ്ഞിരത്തിൻ കീഴിൽ കോളിപ്രത്ത് 'ശ്രീരാഗ'ത്തിൽ കെ. സുരേന്ദ്രൻ (ബാബു )(68) നിര്യാതനായി. പരേതനായ അനന്തൻ മാസ്റ്ററുടെയും യശോധ ടീച്ചറുടെയും മകനാണ്. ഭാര്യ എ.പി. രജിത (റിട്ട :അധ്യാപിക ഒളവിലം യു.പി.സ്കൂൾ) മക്കൾ : എസ്.സുരമ്യ (സിംഗപൂർ ), എസ്.ആഷിക. മരുമക്കൾ: സതീഷ് (സിംഗപൂർ), ഗോകുൽ (ബാംഗ്ളൂർ) സഹോദരങ്ങൾ: വിമലകുമാരി (മുംബെ), സുധീര (റിട്ട: അധ്യാപിക ഒളവിലം യു.പി.സ്കൂൾ), കെ. പ്രദീപ കുമാർ ( റിട്ട: എസ്.ബി.ഐ പള്ളൂർ ) പരേതനായ സന്തോഷ് കുമാ .

# മൂന്നുവർഷംകൊണ്ട് കേരളത്തിൽനിന്ന് പേവിഷബാധ നിർമാർജനം ചെയ്യുകയാണ് ലക്ഷ്യം: മന്ത്രി ചിഞ്ചു റാണി


മുളന്തുരുത്തിയിൽ പ്രവർത്തനമാരംഭിച്ച അനിമൽ ബർത്ത് കൺട്രോൾ കേന്ദ്രത്തിന്റെ (എ.ബി.സി) ഉദ്ഘാടനം മന്ത്രി ചിഞ്ചുറാണി നിർവഹിക്കുന്നു

കേരളത്തിൽ നിന്നും മൂന്നുവർഷംകൊണ്ട് പേവിഷബാധ നിർമാർജനം ചെയ്യുന്നതിനാവശ്യമായ പ്രവർത്തനങ്ങളാണ് സർക്കാർ തലത്തിൽ നടപ്പിലാക്കുന്നതെന്ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. മുളന്തുരുത്തിയിൽ പ്രവർത്തനമാരംഭിച്ച അനിമൽ ബർത്ത് കൺട്രോൾ കേന്ദ്രത്തിന്റെ (എ.ബി.സി) ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

പ്രതിരോധനടപടികൾ എത്രയും വേഗത്തിലാക്കാൻ ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഏജൻസിയുമായി സർക്കാർ കരാർ ഏർപ്പെട്ടിട്ടുണ്ട്. ഈ ഏജൻസിയുടെ നേതൃത്വത്തിൽ മൂന്നുവർഷം കൊണ്ട് മുഴുവൻ തെരുവുനായകൾക്കും വാക്സിൻ ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു. തെരുവുനായ നിയന്ത്രണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ കൊണ്ടുവന്ന എ.ബി.സി ചട്ടങ്ങൾ നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പ്രായോഗിക തടസങ്ങൾ ഒഴിവാക്കുന്നതിന് ചട്ടങ്ങളിൽ ആവശ്യമായ മാറ്റം വരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടും. തെരുവുനായയുടെ കടിയേറ്റാൽ വാക്സിൻ കൃത്യമായി എടുക്കണം. ഇതുവരെയുള്ള കണക്കുകൾ പ്രകാരം മരണം സംഭവിച്ചിരിക്കുന്നത് വാക്സിൻ എടുക്കാത്തവരിലാണ്.

സംസ്ഥാനത്ത് കൂടുതൽ എ.ബി.സി സെന്ററുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി 25 കേന്ദ്രങ്ങൾ കൂടി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 15 എണ്ണത്തിന്റെ നിർമാണം അവസാന ഘട്ടത്തിലാണ്. ഒരു പഞ്ചായത്തിൽ പത്തിൽ കൂടുതൽ പേർക്ക് നായയുടെ കടിയേറ്റാൽ ആ മേഖലയെ ഹോട്ട് സ്പോട്ടായി പ്രഖ്യാപിക്കും. ഇതുവരെ 170 ഹോട്ട് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

കുടുംബശ്രീ മുഖേനയുള്ള എ.ബി.സി. പദ്ധതി നിർത്തിവച്ചതാണ് നിലവിലെ തെരുവുനായ പ്രതിസന്ധിക്ക് കാരണം. എല്ലാ സജ്ജീകരണങ്ങളോടും കൂടിയാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ എ.ബി.സി പദ്ധതി നടപ്പിലാക്കിയത്. എന്നാൽ, കോടതി ഉത്തരവിനെ തുടർന്നാണ് പദ്ധതി നിർത്തലാക്കിയത്. തെരുവുനായ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഫണ്ട് മാറ്റുന്നതിന് ആവശ്യമായ നിർദേശങ്ങൾ എല്ലാ പഞ്ചായത്തുകൾക്കും നൽകിയിട്ടുണ്ട്. 431 പഞ്ചായത്തുകൾ ഫണ്ട് മാറ്റിയിട്ടുണ്ട്. ബാക്കി പഞ്ചായത്തുകളിലും ഫണ്ട് മാറ്റുന്നതിന് ആവശ്യമായ നിർദേശങ്ങൾ നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

ജില്ലാ പഞ്ചായത്ത്, മുളന്തുരുത്തി, പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തുകൾ, മുളന്തുരുത്തി, ആമ്പല്ലൂർ, ഉദയംപേരൂർ, ചോറ്റാനിക്കര, മണീട് എടക്കാട്ടുവയൽ, പാമ്പാക്കുട രാമമംഗലം, തിരുമാറാടി, പാലക്കുഴ ഇലഞ്ഞി ഗ്രാമ പഞ്ചായത്തുകൾ എന്നിവയുടെ സാമ്പത്തിക സഹായത്തോടെയാണ് മുളന്തുരുത്തി വെറ്ററിനറി പോളി ക്ലിനിക്കിന് ലഭ്യമായ സ്ഥലത്ത് അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അനുമതി നേടിയ ഒരു എ.ബി.സി കേന്ദ്രം നിർമ്മാണം പൂർത്തീകരിച്ചത്. ചടങ്ങിൽ എബിസി കേന്ദ്രം പ്രവർത്തനമാരംഭിക്കുന്നതിന് മുഖ്യപങ്കുവഹിച്ച ജില്ലാ മൃഗസംരക്ഷണ ഓഫിസർ ഡോ. മറിയാമ്മ തോമസ്, എ.ബി.സി നോഡൽ ഓഫിസർ ഡോ. എസ്. അനിൽകുമാർ എന്നിവർക്ക് മന്ത്രി ഉപഹാരം നൽകി ആദരിച്ചു.

മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് നടന്ന പരിപാടിയിൽ അഡ്വ. അനൂപ് ജേക്കബ് എം.എൽ.എ അധ്യക്ഷത വഹിച്ചു. തോമസ് ചാഴിക്കാടൻ, എം. പി. ജില്ലാ കലക്ടർ എൻ. എസ്. കെ. ഉമേഷ് എന്നിവർ വിശിഷ്ടാതിഥികളായി.

## പുതുച്ചേരി ലഫ്.ഗവർണർക്ക് നിവേദനം നൽകി

മാഹിയിലെ കരാറുകാർ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം കാണണമെന്നാവശ്യപ്പെട്ട് പോണ്ടിച്ചേരി പി.ഡബ്ല്യു.ഡി കോൺട്രാക്ടേർസ് രജിസ്ട്രേഡ് അസോസിയേഷൻ മാഹി കമ്മിറ്റിയുടെ നേതൃത്വത്തിൽ മാഹിയിലെത്തിയ പുതുച്ചേരി ലഫ്.ഗവർണർക്ക് നിവേദനം നൽകി.

പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തികൾ പൂർത്തികരിച്ച വകയിൽ ലഭിക്കാനുള്ള കുടിശ്ശിക ഉടൻ അനുവദിക്കുക. നിലവിൽ നടന്നു കൊണ്ടിരിക്കുന്നതും പൂർത്തികരിച്ചതുമായ പ്രവർത്തികളിൽ 45 ലക്ഷം രൂപ മുതൽ 75 ലക്ഷം രൂപ വരെ ലഭിക്കാനുണ്ട്.

കുടിശ്ശിക കാരണം പ്രവർത്തികൾ തുടർന്നു മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. അസോസിയേഷൻ വൈസ് പ്രസിഡണ്ട് ടി.പി.രമേഷ്, സെക്രട്ടറി ടി.എ ഷിനോജ് എന്നിവർ ചേർന്ന് ലഫ്.ഗവർണർ തമിഴിസൈ സൗന്ദർരാജനു നൽകിയ നിവേദനത്തിലൂടെ ആവശ്യപ്പെട്ടു.

# 17കാരിയെ പീഡിപ്പിച്ച യുവാവിന് 10വർഷം തടവും പിഴയും

തളിപ്പറമ്പ്: വിവാഹിതനും മൂന്നുകുട്ടികളുടെ പിതാവുമാണെന്ന കാര്യം മറച്ചു വച്ച് 17 കാരിയെ വിവാഹവാഗ്ദാനം നൽകി പീഡിപ്പിച്ച യുവാവിന് 10വർഷം തടവും ഒരു ലക്ഷം രൂപ പിഴയും ശിക്ഷ വിധിച്ചു.

തൃശൂർ അന്നക്കര സ്വദേശി വി. രതീഷിനെ (38) യാണ് തളിപ്പറമ്പ് പോക്സോ അതിവേഗ കോടതി ജഡ്ജ് ആർ. രാജേഷ് ശിക്ഷിച്ചത്.

തൃശൂർ ചിറ്റിലപ്പിള്ളി സ്വദേശിനിയായ 17കാരിയാണ് പീഡനത്തിന് ഇരയായത്. 2013ൽ ആണ് സംഭവം. കാറിൽ പറശിനിക്കടവിലെ സ്വകാര്യ ലോഡ്ജിൽ എത്തിക്കുകയും ഒന്നിലേറെ തവണ പീഡിപ്പിക്കുകയും ചെയ്തുവെന്നാണ് തൃശൂർ പേരാമംഗലം പോലിസ് സ്റ്റേഷനിൽ പരാതി നൽകിയത്. പീഡനം നടന്നത് പറശിനിക്കടവിൽ ആയതിനാൽ തുടർന്നുള്ള കേസ് തളിപ്പറമ്പ് പൊലിസിന് കൈമാറുകയായിരുന്നു. കേസിൽ രണ്ടാം പ്രതിയായ രതീഷിന്റെ സുഹൃത്ത് വിപിനെ കുറ്റക്കാരനല്ലെന്ന് കണ്ട് കോടതി വെറുതെ വിട്ടു.

പ്രൊസിക്യൂഷന് വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ഷെറിമോൾ ജോസ് ഹാജരായി.

## മന്ത്രിയുടെ പൈലറ്റ് വാഹനം അപകടത്തിൽപ്പെട്ട സംഭവം:
# പൊലീസ് ഡ്രൈവർക്കും ആംബുലൻസ് ഡ്രൈവർക്കും എതിരെ കേസ്

കൊട്ടാരക്കരയിൽ മന്ത്രി വി.ശിവൻകുട്ടിയുടെ പൈലറ്റ് വാഹനമിടിച്ച് ആംബുലൻസ് മറിഞ്ഞ സംഭവത്തിൽ പൊലീസ് കേസെടുത്തു. പൊലീസ് ജീപ്പ് ഡ്രൈവർക്കും ആംബുലൻസ് ഡ്രൈവർക്കും എതിരെയാണ് കേസ്. അപകടസമയത്ത് ആംബുലൻസിൽ ഉണ്ടായിരുന്ന രോഗിയുടെ ഭർത്താവ് നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ കൊട്ടാരക്കര പൊലീസാണ് കേസെടുത്തത്.

സംഭവത്തിൽ പൊലീസിനെതിരെ ആരോപണവുമായി ആംബുലൻസ് ഡ്രൈവർ നിതിൻ നേരത്തെ രംഗത്തെത്തിയിരുന്നു. കേസ് നൽകാനായി കൊട്ടാരക്കര സ്റ്റേഷനിൽ എത്തിയപ്പോൾ പൊലീസ് ആക്ഷേപിച്ചെന്നായിരുന്നു ആരോപണം.

സോപ്പുപെട്ടി പോലെയുള്ള വണ്ടിയാണോ ഓടിക്കുന്നതെന്നും മന്ത്രി പോകുന്ന വഴിയിൽ എന്തിന് വണ്ടി കൊണ്ടുവന്നുവെന്നും പൊലീസ് ചോദിച്ചതായി നിതിൻ പറഞ്ഞു. തന്നെ പ്രതിയാക്കാനാണ് പൊലീസ് നീക്കമെന്നും നിതിൻ ഉന്നയിച്ചു.

ഇന്നലെ വൈകിട്ടാണ് കൊട്ടാരക്കരയിൽ വച്ച് മന്ത്രിയുടെ പൈലറ്റ് വാഹനവും ആംബുലൻസും തമ്മിൽ കൂട്ടിയിടിച്ചത്.

നെടുമൻകാവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്ന് റെഫർ ചെയ്ത രോഗിയെ കൊട്ടാക്കര ആശുപത്രിയിലേക്ക് കൊണ്ടുപോകും വഴിയായിരുന്നു പുലമൺ സിഗ്നലിൽ വച്ച് പൈലറ്റ് വാഹനം ഇടിച്ചത്.

അപകടത്തിൽ മൂന്ന് പേർക്ക് പരിക്കേറ്റു.

## മുഖ്യപ്രതിയുടെ സഹായിയെ തട്ടിക്കൊണ്ടുപോയ കേസിൽ അറസ്റ്റ്

കോടികളുടെ നിക്ഷേപ തട്ടിപ്പ് തളിപ്പറമ്പ്: കോടികൾ നിക്ഷേപമായി സ്വീകരിച്ച് മുങ്ങിയ കേസിലെ മുഖ്യപ്രതി അബിനാസിന്റെ സഹായി പി.കെ സുഹൈറിനെ തട്ടിക്കൊണ്ടുപോയ കേസിൽ ഒന്നാംപ്രതി അറസ്റ്റിൽ. നഗരസഭാ ഓഫിസിനു സമീപത്തെ ഇ. അബ്ദുൽ മുനീറിനെ (32) ആണ് തളിപ്പറമ്പ് ഇൻസ്പെക്ടർ എ.വി ദിനേശ് അറസ്റ്റുചെയ്തത്. 2022ജൂലൈയിലാണ് മഴൂരിലെ പി.കെ സുഹൈറിനെ തട്ടിക്കൊണ്ടു പോയതായി മാതാവ് അത്തിക്ക പരാതി നൽകിയത്. പിന്നീട്, പൊലിസ് അന്വേഷണത്തിൽ സഹോദരിയുടെ വീട്ടിൽ നിന്ന് യുവാവിനെ കണ്ടെത്തിയിരുന്നു. മുനീറിന്റെ നേതൃത്വത്തിലാണ് തന്നെ തട്ടിക്കൊണ്ടുപോയതെന്ന് സുഹൈർ മൊഴി നൽകിയിരുന്നു. കേസിൽ പ്രതികളായ അഞ്ചുപേരെ നേരത്തെ അറസ്റ്റുചെയ്തിരുന്നു. ചപ്പാരപ്പടവിലെ മുഹമ്മദ് അബിനാസിന്റെ ഓഹരി മാർക്കറ്റിൽ സുഹൈർ വഴി മുനീർ 50ലക്ഷം നിക്ഷേപിച്ചിരുന്നു.

അബിനാസ് ഒളിവിൽപോയതോടെ തുക ലഭിക്കാൻ സുഹൈറിനെ മുനീറിന്റെ നേതൃത്വത്തിൽ തട്ടിക്കൊണ്ടുപോയെന്നായിരുന്നു പരാതി. മന്നയിലെ സ്ഥാപനത്തിൽ വച്ചാണ് മുനീറിനെ അറസ്റ്റുചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# സുഹൃത്തിനു വേണ്ടി ഓൺലൈൻ വായ്പയെടുത്ത യുവാവ് ആത്മഹത്യ ചെയ്തു

സുഹൃത്തിനു വേണ്ടി ഓൺലൈൻ ആപ്പിൽ നിന്ന് വായ്പയെടുത്ത യുവാവ് ആത്മഹത്യ ചെയ്തു. വായ്പ മുടങ്ങിയതിനെ തുടർന്ന് ഓൺലൈൻ ആപ്പുകാരുടെ നിരന്തരമായ ഭീഷണിയെ തുടർന്നാണ് യെലഹങ്ക സ്വദേശി തേജസ് വീടിനുള്ളിൽ തൂങ്ങി മരിച്ചതെന്ന് പൊലിസ് പറഞ്ഞു. തേജസിന്റെ സുഹൃത്തായ മഹേഷിനു വേണ്ടി കിഷ്ക്, സ്ലൈസ്, കൊട്ടക് മഹേന്ദ് എന്നീ ഓൺലൈൻ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്ന് 30,000 രൂപ കടം വാങ്ങിയിരുന്നു. വായ്പ ലഭിച്ചതിന് ശേഷം മഹേഷ് പണം ഏൽപ്പിക്കാത്തതിനെ തുടർന്ന് തിരിച്ചടവ് മുടങ്ങുകയായിരുന്നു. പിന്നീട് മുതലും പലിശയും ചേർത്ത് 45,000 രൂപയോളം അടക്കണമെന്ന് കാണിച്ച് ഓൺലൈൻ ആപ്പുകൾ തേജസിനെ ബന്ധപ്പെട്ടു. കടം വാങ്ങിയും സ്വത്ത് പണയപ്പെടുത്തിയും കുറേ തുക തിരിച്ചടച്ചെങ്കിലും മൊത്തം കടം തീർക്കാനായി മറ്റൊരു വായ്പയെടുക്കേണ്ടി വന്നു.

വൈകാതെ ഈ വായ്പയുടെ തിരിച്ചടവും മുടങ്ങിയതോടെ ഓൺലൈൻ ആപ്പുകൾ തേജസിനെ ഭീഷണിപ്പെടുത്താൻ തുടങ്ങി. ഇതിനിടെ വീട്ടുകാർ ഇടപെട്ട് പ്രശ്നപരിഹാരത്തിന് ശ്രമിച്ചെങ്കിലും ഓൺലൈൻ ആപ്പുകാർ വിട്ടുവീഴ്ചയ്ക്ക് തയാറായില്ല. ഇതിനിടെ, തേജസിന്റെ നഗ്ന ചിത്രം പുറത്തുവിടുമെന്നതടക്കമുള്ള ഭീഷണിയുമുണ്ടായി. ഇതിനെ തുടർന്നുണ്ടായ മാനസിക സമ്മർദത്തിനൊടുവിലാണ് തേജസ് ആത്മഹത്യ ചെയ്തതെന്ന് വീട്ടുകാർ പറയുന്നു. വീട്ടുകാരുടെ പരാതിയിൽ യെലഹങ്ക പൊലിസ് അന്വേഷണം തുടങ്ങി.



ഫാറൂഖ് കോളേജ് പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഭാരവാഹികൾ സംഘടിപ്പിച്ച് വാർത്താസമ്മേളനം

# ഗ്ലോബൽ മെഗാ റീ യൂണിയൻ ഫൊസ്റ്റാൾജിയ – 23 16ന്

കോഴിക്കോട്: പ്ലാറ്റിനം ജൂബിലി വർഷം ആഘോഷിക്കുന്ന ഫാറൂഖ് കോളേജിൽ, ഫാറൂഖ് കോളേജ് ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ (ഫോസ) സംഘടിപ്പിക്കുന്ന ഗ്ലോബൽ മെഗാ റീ യൂണിയൻ (ഫൊസ്റ്റാൾജിയ 23) 16ന് ഞായർ കാലത്ത് 10 മണി മുതൽ ഫാറൂഖ് കോളേജിൽ നടക്കുമെന്ന് ഫോസ പ്രസിഡണ്ട് കെ.കുഞ്ഞലവിയും, പ്രിൻസിപ്പൽ ഡോ. കെ.ആയിശയും വാർത്താസമ്മേളനത്തിൽ പറഞ്ഞു. കോളേജിൽ പൂർവ്വ വിദ്യാർത്ഥികളായിരു പത്മശ്രീ ആസാദ് മൂപ്പൻ, പത്മശ്രീ ടി.പ്രദീപ (ഐ ഐ ടി മദ്രാസ്), ഡോ. എം.പി അബ്ദുസമദ് സമദാനി എം.പി, പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ.മുഹമ്മദ് റിയാസ്, എം.എൽ.എ മാരായ പി.കെ.കുഞ്ഞാലിക്കുട്ടി, കെ.പി.എ.മജീദ്, നജീബ് കാന്തപുരം, ഷാഫി പറമ്പിൽ, പി.ടി.എ.റഹീം, അഡ്വ.യു.എ.ലത്തീഫ്, ആബിദ് ഹുസൈൻ തങ്ങൾ, മുൻ മന്ത്രിമാരായ സി.മമ്മൂട്ടി, ശ്രീനാരായണ ഗുരു ഓപ്പ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.മുബാറക്ക് പാഷ, മുൻ വിസിമാരായ പ്രൊഫ.ജയകൃഷ്ണൻ (കേരള യൂണിവേഴ്സിറ്റി), ഡോ.ഖാദർ മങ്ങാട് (കണ്ണൂർ യൂണിവേഴ്സിറ്റി), ഡോ.മുഹമ്മദ് ബഷീർ (കാലിക്കറ്റ് യൂണിവേഴ്സിറ്റി), ഒളിമ്പ്യൻ വി ഡിജു അടക്കമുള്ള ദേശീയ അന്തർദേശീയ കായിക താരങ്ങൾ, ചലച്ചിത്ര സംവിധായകൻ ടി.വി.ചന്ദ്രൻ, ഗായിക സിത്താര അടക്കമുള്ള സിനിമാ പ്രവർത്തകർ, പത്ര പ്രവർത്തകർ, സാംസ്കാരിക പ്രവർത്തകർ, വ്യവസായ പ്രമുഖർ തുടങ്ങി ഫാറൂഖ് കോളേജിൽ പഠിക്കുകയോ പഠിപ്പിക്കുകയോ ചെയ്ത മുഴുവൻ വ്യക്തികളും സംഗമത്തിൽ പങ്കെടുക്കും.

ഫൊസ്റ്റാൾജിയയുടെ ഭാഗമായി ഫോസ പ്രവാസി മീറ്റ്, പഠന വകുപ്പ്തല സംഗമങ്ങൾ, സാംസ്കാരിക സംഗമം, കലാകായിക മത്സരങ്ങൾ ഉൾപ്പെടെയുള്ള പരിപാടികൾ നടക്കും. ഫോസയിൽ 70000 ത്തോളം അംഗങ്ങളും 16ഓളം രാജ്യങ്ങളിൽ ചാപ്റ്ററുകളും സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ചാപ്റ്ററുകളുമുണ്ട്. ഫോസയുടെ സേവനം കോളേജിന്റെ ഇൻഫ്രാസ്ട്രെക്ചർ വികസനവും ചെറിയ കാര്യങ്ങളിലടക്കം ലഭിക്കുന്നുണ്ടെന്ന് പ്രിൻസിപ്പൽ ഡോ. കെ.എ.ആയിശ പറഞ്ഞു. 1960 ബാച്ചുകാർ മുതൽ സംഗമത്തിലെത്തും. കോളേജിന്റെ 75-ാം വാർഷികത്തിന്റെ ഭാഗമായി 75 സ്മാർട്ട് ടിവി, 100 കമ്പ്യൂട്ടർ, 11 പ്രൊജക്ടറുകൾ ഫോസ മെമ്പർമാർ നൽകിയിട്ടുണ്ട്. 3 വർഷം കൂടുമ്പോഴാണ് ഇത്തരം സംഗമം സംഘടിപ്പിക്കുന്നത്. വാർത്താസമ്മേളനത്തിൽ ഡോ.പി.പി.യൂസഫലി( ജന.സെക്രട്ടറി ഫോസ), എൻ.കെ.മുഹമ്മദലി(വൈസ് പ്രസിഡണ്ട് ഫോസ), സി.പി.അബ്ദുൽ സലാം(കൺവീനർ പബ്ലിസിറ്റി കമ്മിറ്റി) എന്നിവരും പങ്കെടുത്തു.


# പോക്സോ കേസിൽ യുവാവ് മൂന്നാം തവണയും അറസ്റ്റിൽ

തളിപ്പറമ്പ്: പോക്സോ കേസിൽ യുവാവ് മൂന്നാം തവണയും അറസ്റ്റിൽ. തിരുവനന്തപുരം കാട്ടാക്കട സ്വദേശി എസ്.എസ് ജിതേഷ് (23) ആണ് അറസ്റ്റിലായത്. സോഷ്യൽ മീഡിയ വഴി പരിചയപ്പെട്ട ആന്തൂർ നഗരസഭാ പരിധിയിലെ 15കാരിയെ തട്ടിക്കൊണ്ടുപോയ കേസിൽ 2022 ജനുവരിയിലാണ് ജിതേഷിനെ പൊലിസ് ആദ്യം അറസ്റ്റുചെയ്തിരുന്നത്.

ജാമ്യത്തിലിറങ്ങിയ പ്രതി ഇതേ പെൺകുട്ടിയെ പീഡിപ്പിക്കാൻ ശ്രമിച്ചതിന് 2022 ഒക്ടോബറിൽ വീണ്ടും അറസ്റ്റിലായി. പെൺകുട്ടിയുടെ വീടിന് സമീപത്തെ പമ്പ് ഹൗസിലേക്ക് വിളിച്ചുവരുത്തി പീഡിപ്പിക്കാൻ ശ്രമിച്ചെന്നാണ് കേസ്. ഈ സമയം പ്രതിക്ക് ജില്ലയിൽ പ്രവേശിക്കുന്നതിന് വിലക്കുണ്ടായിരുന്നു. പെൺകുട്ടിയെ കാണാതായതുമായി ബന്ധപ്പെട്ട് 10ദിവസം മുമ്പ് മാതാവ് നൽകിയ പരാതിയിലാണ് ജിതേഷ് വീണ്ടും അറസ്റ്റിലായത്.

പെൺകുട്ടിയുമായി ബംഗളൂരു, മൈസൂർ, ചെന്നൈ, തിരുവനന്തപുരം എന്നിവിടങ്ങളിൽ കറങ്ങിയ ശേഷം വീണ്ടും മൈസൂരുവിലെത്തിയപ്പോഴാണ് തളിപ്പറമ്പ് ഇൻസ്പെക്ടർ എ.വി ദിനേശും സംഘവും ജിതേഷിനെ അറസ്റ്റുചെയ്തത്.

എസ്.സി.പി.ഒമാരായ പ്രമോദ്, സുജിത്ത് എന്നിവരും സംഘത്തിൽ ഉണ്ടായിരുന്നു. പെൺകുട്ടിയുടെ ആഭരണങ്ങൾ ജിതേഷ് വിൽപന നടത്തിയതായി പൊലിസ് പറഞ്ഞു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.


ഉദ്യോഗസ്ഥർ ഹോട്ടൽ പരിസരത്ത് പരിശോധന നടത്തുന്നു

# നാദാപുരത്ത് മലിനജലം പുറത്തേക്കൊഴുക്കിയ ഹോട്ടൽ അടച്ചുപൂട്ടി; പതിനായിരം രൂപ പിഴ ചുമത്തി

നാദാപുരം പഞ്ചായത്തിലെ കല്ലാച്ചി കസ്തൂരി കുളത്തിന് സമീപം പ്രവർത്തിക്കുന്ന ദോശ ഹട്ട് ഹോട്ടൽ എന്ന സ്ഥാപനം പുറത്തേക്ക് അലക്ഷ്യമായി മലിനജലം ഒഴുക്കിവിട്ടതിനെ തുടർന്ന് പഞ്ചായത്ത് അധികൃതർ അടപ്പിച്ചു.

അടുക്കളയിൽ നിന്നുവരുന്ന മലിനജലം സംഭരിക്കുന്ന കുഴിയിൽ നിന്ന് പുറത്തേക്ക് ഒഴുകി ദുർഗന്ധം പരത്തുന്നു എന്ന പരാതി ലഭിച്ച പ്രകാരമാണ് ഉദ്യോഗസ്ഥർ പരിശോധന നടത്തി നടപടി സ്വീകരിച്ചത്. പ്രശ്നം പരിഹരിക്കുന്നതുവരെ ഹോട്ടലിന്റെ പ്രവർത്തനം നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

മലിനജലം പുറത്തേക്ക് അശാസ്ത്രീയമായി പുറന്തള്ളിയതിന് പതിനായിരം രൂപ പിഴ ചുമത്തിയിട്ടുണ്ട്.

പിഴ അടക്കാത്തപക്ഷം സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്ത് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി.ഷാഹുൽ ഹമീദ്, ഹെൽത്ത് ഇൻസ്പെക്ടർ സതീഷ് ബാബു എന്നിവരുടെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്.

# ഇന്ത്യൻ ടീം പാക്കിസ്ഥാനിലേക്കില്ല; അരുൺ ധൂമൽ



ഇന്ത്യൻ ടീം പാക്കിസ്ഥാനിലേക്കില്ല; അരുൺ ധൂമൽ ന്യൂഡൽഹി: ഏഷ്യാകപ്പ് ക്രിക്കറ്റ് മത്സരങ്ങൾക്കായി ഇന്ത്യൻ ടീം പാക്കിസ്ഥാനിലേക്ക് പോകില്ലെന്ന് ഇന്ത്യൻ പ്രിമിയർ ലീഗ് ചെയർമാൻ അരുൺ ധൂമൽ.

ദക്ഷിണാഫ്രിക്കയിലെ ഡർബനിൽ നടന്ന രാജ്യാന്തര ക്രിക്കറ്റ് കൗൺസിലിന്റെ എക്സിക്യൂട്ടീവ് യോഗത്തിനു ശേഷമായിരുന്നു ധൂമലിന്റെ പ്രതികരണം.

ശ്രീലങ്കയിലെ ധാംബുള്ളയിലാണ് ഇന്ത്യപാക്ക് മത്സരങ്ങൾ നടക്കുകയെന്നും ധൂമൽ പറഞ്ഞു. ഏഷ്യാകപ്പ് മത്സരങ്ങൾ ഇന്ത്യൻ ടീം പാക്കിസ്ഥാനിൽ കളിച്ചില്ലെങ്കിൽ ഏകദിന ലോകകപ്പിനായി പാക്ക് ടീമിനെ ഇന്ത്യയിലേക്ക് അയയ്ക്കേണ്ടെന്ന് പാക്ക് കായികമന്ത്രി ഇഹ്സാൻ മസാരി പറഞ്ഞിരുന്നു. എന്നാൽ ഇത്തരം നീക്കവുമായി പാകിസ്താൻ മുന്നോട്ടുപോയാൽ തിരിച്ചടി നേരിടേണ്ടി വരുമെന്ന് ധൂമൽ മുന്നിറിയിപ്പ് നൽകി.

ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 17 വരെയാണ് ഏഷ്യാകപ്പ് ടൂർണമെന്റ്.



വിക്കറ്റ് നേട്ടം ആഘോഷിക്കുന്ന ബംഗ്ലാദേശ് ടീം

# പുതിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സ്റ്റാർട്ടപ്പ് xAI യ്ക്ക് തുടക്കമിട്ട് മസ്ക്



തന്റെ പുതിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സ്റ്റാർട്ടപ്പ് xAI യ്ക്ക് ബുധനാഴ്ച തുടക്കമിട്ട് ശതകോടീശ്വര വ്യവസായി ഇലോൺ മസ്ക്. ഗൂഗിളിൽ നിന്നും മൈക്രോസോഫ്റ്റിൽ നിന്നുമുള്ള സാങ്കേതിക വിദഗ്ദരെ ഉൾപ്പെടുത്തിയുള്ള പുതിയ ടീമാണ് പുതിയ സ്റ്റാർട്ടപ്പിന് പിന്നിൽ ഒരുക്കിയിട്ടുള്ളത്. ഇലോൺ മസ്ക് തന്നെയായിരിക്കും കമ്പനിയുടെ മേധാവി.

അതിന്റെ അകയിലേക്ക് ധാർമ്മികത പ്രോഗ്രാം ചെയ്യുന്നതിനുപകരം, xAI 'പരമാവധി ജിജ്ഞാസയുള്ള' A-I സൃഷ്ടിക്കാൻ ശ്രമിക്കും, അദ്ദേഹം പറഞ്ഞു. മനുഷ്യന് അനുകൂലമായ എഐ നിർമിക്കുകയാണ് മസ്കിന്റെ പുതിയ കമ്പനിയുടെ ലക്ഷ്യം.എഐ മനുഷ്യ വംശത്തിന്റെ നാശത്തിന് കാരണമാകാനിടയുണ്ടെന്ന ആശങ്ക പങ്കുവെക്കുന്നയാളാണ് മസ്ക്.

അഞ്ചോ ആറോ വർഷത്തിനുള്ളിൽ സൂപ്പർ ഇന്റലിജൻസ് അഥവാ മനുഷ്യനേക്കാൾ സ്മാർട്ടായ അക എത്തുമെന്നുമാണ് മസ്കിന്റെ പ്രവചനം.ഗൂഗിളിന്റെ ഡീപ്മൈൻഡിലെ മുൻ എഞ്ചിനീയറായ ഇഗോർ ബാബുഷ്കിൻ, ഗൂഗിളിൽ ജോലി ചെയ്തിരുന്ന ടോണി വു, ഗൂഗിളിൽ ഗവേഷണ ശാസ്ത്രജ്ഞൻ കൂടിയായിരുന്ന ക്രിസ്റ്റ്യൻ സെഗെഡി, മുമ്പ് മൈക്രോസോഫ്റ്റിൽ ഉണ്ടായിരുന്ന ഗ്രെഗ് യാങ്ങ് എന്നിവർ x AI ടീമിലുൾപ്പെടുന്നു.

മാർച്ചിലാണ് ത.അക കോർപ്പറേഷൻ എന്ന പേരിൽ ഒരു സ്ഥാപനം മസ്ക് രജിസ്റ്റർ ചെയ്തത്. പ്രപഞ്ചത്തിന്റെ സ്വഭാവം മനസ്സിലാക്കാൻ ശ്രമിക്കുന്ന ഗൂഗിളിന്റെ ബാർഡിനും മൈക്രോസോഫ്റ്റിന്റെ ബിംഗ് എഐക്കും എതിരാളിയായി ട്രൂത്ത് ജിപടി അല്ലെങ്കിൽ പരമാവധി സത്യാന്വേഷണ അക പുറത്തിറക്കുമെന്ന് മസ്ക് ഏപ്രിലിൽ പറഞ്ഞിരുന്നു.

## വിൻഡീസിനെതിരായ ആദ്യ ടെസ്റ്റിൽ ഇന്ത്യ ശക്തമായ നിലയിൽ

ഡൊമിനിക്ക: വിൻഡീസിനെതിരായ ആദ്യ ടെസ്റ്റിൽ ഇന്ത്യ ശക്തമായ നിലയിൽ. രണ്ടാം ദിനം കളി അവസാനിക്കുമ്പോൾ ഇന്ത്യ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 312 റൺസെടുത്തു. ഇതോടെ ഇന്ത്യക്ക് 162 റൺസിന്റെ ലീഡായി. വിൻഡീസ് ഒന്നാമിന്നിങ്സിൽ 150 റൺസിന് പുറത്തായിരുന്നു. വിരാട് കോഹ്‌ലിയും അരങ്ങേറ്റ ടെസ്റ്റിൽ സെഞ്ച്വറി കണ്ടെത്തിയ യശസ്വി ജയ്സ്വാളും ക്രീസിലുണ്ട്. 215 പന്തിലാണ് ജയ്സ്വാളിന്റെ കന്നി സെഞ്ചുറി വന്നത്. അരങ്ങേറ്റ ടെസ്റ്റിൽ സെഞ്ചുറി നേടുന്ന 17-ാമത്തെ ഇന്ത്യൻ താരവും മൂന്നാമത്തെ ഓപ്പണറുമാണ് യശസ്വി ജയ്സ്വാൾ.

# ട്വന്റി20: ബംഗ്ലാദേശിനെതിരെ ഇന്ത്യക്ക് തോൽവി

## ആദ്യ രണ്ടു ടി20 മത്സരങ്ങളും ജയിച്ച ഇന്ത്യ, പരമ്പര സ്വന്തമാക്കിയിരുന്നു

ധാക്ക: ബംഗ്ലദേശിനെതിരെയുള്ള പരമ്പരയിൽ ഇന്ത്യൻ വനിതകൾക്ക് തോൽവി. പരമ്പര തൂത്തുവാരുക എന്ന ലക്ഷ്യത്തോടെ മൂന്നാം ഏകദിനത്തിനിറങ്ങിയ ഇന്ത്യ നാലു വിക്കറ്റിനാണ് തോൽവി വഴങ്ങിയത്. ആദ്യം ബാറ്റുചെയ്ത ഇന്ത്യ നേടിയ 103 റൺസ് വിജയലക്ഷ്യം 18.2 ഓവറിൽ ആറു വിക്കറ്റ് നഷ്ടത്തിൽ ബംഗ്ലദേശ് മറികടന്നു. ടോസ് നേടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ നിശ്ചിത ഓവറിൽ ഒൻപതു വിക്കറ്റ് നഷ്ടത്തിൽ 102 റൺസ് നേടി. ക്യാപ്റ്റൻ ഹർമൻപ്രീത് കൗർ (40), ജെമിമ റോഡ്രിഗസ് (28) എന്നിവർ മാത്രമാണ് ഇന്ത്യൻ നിരയിൽ അൽപമെങ്കിലും പിടിച്ചുനിന്നത്. 200ാം രാജ്യന്തര മത്സരത്തിന് ഇറങ്ങിയ സ്മൃതി മന്ഥനയ്ക്ക് (1) തിളങ്ങാനായില്ല. ബംഗ്ലദേശിനായി റബീയ ഖാൻ മൂന്നു വിക്കറ്റും സുൽത്താന ഖാത്തൂൺ രണ്ടു വിക്കറ്റും വീഴ്ത്തി.മറുപടി ബാറ്റിങ്ങിൽ, ഓപ്പണർ ഷമീമ സുൽത്താനയുടെ (42) ഇന്നിങ്സാണ് ബംഗ്ലദേശ് ജയത്തിൽ നിർണായകമായത്. ഇന്ത്യയ്ക്കായി മലയാളി താരം മിന്നു മണി, ദേവിക വൈദ്യ എന്നിവർ രണ്ടു വിക്കറ്റ് വീതവും ജെമിമ റോഡ്രിഗസ് ഒരു വിക്കറ്റും നേടി. ആദ്യ രണ്ടു ടി20 മത്സരങ്ങളും ജയിച്ച ഇന്ത്യ, പരമ്പര സ്വന്തമാക്കിയിരുന്നു. ബംഗ്ലാദേശിനെതിരേ ഏകദിന പരമ്പരയും ഇന്ത്യ കളിക്കുന്നുണ്ട്. 16ന് പരമ്പരക്ക് തുടക്കമാകും.

# വരാനിരിക്കുന്നത് എന്തെന്നറിയില്ല; ഇടവേള എടുക്കുകയാണെന്ന് സ്ഥിരീകരിച്ച് സാമന്ത



അഭിനയത്തിൽ നിന്ന് ഇടവേളയെടുക്കുകയാണെന്ന് സ്ഥിരീകരിച്ച് നടി സാമന്ത. ഇതുമായി ബന്ധപ്പെട്ട് ഇതുവരെ പ്രചരിച്ചിരുന്ന അഭ്യൂഹങ്ങൾക്കാണ് സാമന്ത ഇപ്പോൾ ഉത്തരം നൽകിയിരിക്കുന്നത്. ആരോഗ്യ കാരണങ്ങളെ തുടർന്ന് അഭിനയത്തിൽ നിന്ന് സാമന്ത ഇടവേള എടുക്കാനൊരുങ്ങുകയാണെന്ന് നേരത്തെ റിപ്പോർട്ടുകളുണ്ടായിരുന്നു.

അഭിനയത്തിൽ നിന്ന് താതക്കാലികമായി ഇടവേളയെടുക്കുകയാണെന്ന് അവർ അറിയിച്ചു. ഒടുവിൽ ജോലി ചെയ്ത സിറ്റാഡെൽ എന്ന വെബ്സീരീസിന്റെ ചിത്രീകരണം പൂർത്തിയായി എന്നറിയിച്ചുകൊണ്ടുള്ള പോസ്റ്റിലാണ് അഭിനയത്തിൽ നിന്ന് ഇടവേളയെടുക്കുന്ന വിവരം സാമന്ത വ്യക്തമാക്കിയത്. പ്രിയങ്ക ചോപ്രയുടെ സിറ്റഡെലിന്റെ ഇന്ത്യൻ പതിപ്പാണിത്.

വരാനിരിക്കുന്നത് എന്താണെന്ന് മനസിലാക്കിയാൽ ഇടവേളയെടുക്കുന്നത് ഒരു തെറ്റായ കാര്യമാണെന്ന് തോന്നുന്നില്ലെന്ന് നടി കുറിച്ചു.

സിനിമാ ജീവിതത്തിൽ നിന്നും ചുരുങ്ങിയത് ഒരു വർഷത്തെ ഇടവേളയാണ് സാമന്ത എടുക്കുകയെന്നാണ് ദേശീയമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. പേശികളെ ബാധിക്കുന്ന മയോസിറ്റിസിന്റെ ചികിത്സയ്ക്ക് വേണ്ടിയാണ് സിനിമയിൽ നിന്നും സാമന്ത ഇടവേളയെടുക്കുന്നത്.



ഒൻസ് ജാബിയൂറും മാർകേറ്റ വാൻദ്രോഷോവയും

## വിംബിൾഡൺ വനിതാ സിംഗിൾസ് ഫൈനൽ

# ഒൻസ് ജാബിയൂരും മാർക്വേറ്റ വാൻദ്രോഷോവയും തമ്മിൽ

ലണ്ടൻ: വിംബിൾഡൺ വനിതാ സിംഗിൾസ് ഫൈനലിൽ ടുണീഷ്യയുടെ ഒൻസ് ജാബിയൂറും ചെക്ക് റിപ്പബ്ലിക്കിന്റെ മാർകേറ്റ വാൻദ്രോഷോവയും ഏറ്റുമുട്ടും. വ്യാഴാഴ്ച നടന്ന സെമിയിൽ യുക്രൈനിന്റെ എലിന സ്വിറ്റൊലിനയെ തകർത്താണ് മാർകേറ്റ വാൻദ്രോഷോവ ഫൈനലിലെത്തിയത്.

എലിന സ്വിറ്റൊലിനയെ നേരിട്ടുള്ള സെറ്റുകൾക്കാണ് (63, 63) വാൻദ്രോഷോവ പരാജയപ്പെടുത്തിയത്. താരത്തിന്റെ രണ്ടാം ഗ്രാൻഡ്സ്ലാം ഫൈനലാണിത്. 2019-ലെ ഫ്രഞ്ച് ഓപ്പൺ റണ്ണറപ്പാണ് വാൻദ്രോഷോവ.

ബെലാറസ് താരം ആര്യന സബലങ്കയെ മൂന്ന് സെറ്റുകൾ നീണ്ട കടുത്ത പോരാട്ടത്തിനൊടുവിൽ പരാജയപ്പെടുത്തിയാണ് ഒൻസ് ജാബിയൂറിന്റെ ഫൈനൽ പ്രവേശനം.

ആദ്യ സെറ്റ് നഷ്ടമായ ശേഷമായിരുന്നു ടുണീഷ്യൻ താരത്തിന്റെ തിരിച്ചുവരവ്. ഒൻസ് ജാബിയൂറിന്റെ തുടർച്ചയായ രണ്ടാം വിംബിൾഡൺ ഫൈനൽ ആണിത്.

# ഖത്തർ ലോകകപ്പ്: പണം വാരി ക്ലബുകൾ; കൂടുതൽ നേട്ടം മാഞ്ചസ്റ്റർ സിറ്റിക്ക്



ദോഹ: ഖത്തർ ലോകകപ്പിന് താരങ്ങളെ വിട്ടുനൽകിയതിന് കൂടുതൽ പണം ലഭിച്ചത് ഇംഗ്ലീഷ് പ്രീമിയർ ലീഗ് ക്ലബായ മാഞ്ചസ്റ്റർ സിറ്റിക്ക്. 36.77 കോടി രൂപയാണ് സിറ്റിക്ക് ലഭിച്ചത്. 440 ക്ലബുകൾക്കായി 1,672 കോടി രൂപയാണ് ഫിഫ നൽകിയത്.മാഞ്ചസ്റ്റർ സിറ്റിയുടെ 15 സീനിയർ താരങ്ങളാണ് ഇത്തവണ ഖത്തറിൽ ലോകകപ്പ് കളിക്കാനെത്തിയത്. ഇതിൽ 13 താരങ്ങളും നോക്കൗട്ട് കളിച്ചു. അർജന്റീനയുടെ യുവതാരം ഹൂലിയൻ അൽവാരസ് കപ്പുമായാണ് മടങ്ങിയത്.ക്ലബുകളുമായി ഉണ്ടാക്കിയ കരാർ പ്രകാരം ലോകകപ്പിന് താരങ്ങളെ വിട്ടുനൽകാൻ ഒരു കളിക്കാരന് പ്രതിദിനം 10,950 യു.എസ് ഡോളറാണ് നൽകേണ്ടത്. ടൂർണമെന്റ് തുടങ്ങുന്നത് മുതൽ അവസാനിക്കുന്നത് വരെ ഓരോ ദിവസവും ഇങ്ങനെ പണം നൽകണം. ഇതുവഴി ചാമ്പ്യൻസ് ലീഗ് ജേതാക്കളായ സിറ്റിക്ക് 36.77 കോടി രൂപ ലഭിച്ചു. ബാഴ്സലോണയാണ് രണ്ടാമത് 36.31 കോടി രൂപ.ജർമൻ കരുത്തരായ ബയേൺ മ്യൂണിക്കാണ് മൂന്നാം സ്ഥാനത്ത്. യൂറോപ്പിന് പുറത്ത് ഏറ്റവും കൂടുതൽ നേട്ടമുണ്ടാക്കിയത് ഖത്തരി ക്ലബ് അൽസദ്ദാണ്. 22.54 കോടി രൂപയാണ് അൽ സദ്ദിന് ലഭിച്ചത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 440 ക്ലബുകൾക്ക് 1672 കോടി രൂപ ഫിഫ ക്ലബ് ബെനഫിറ്റ് പ്രോഗ്രാമിലൂടെ ലഭിച്ചു. അമേരിക്കൻ ലോകകപ്പിൽ ഈ തുക കുത്തനെ ഉയർത്താനൊരുങ്ങുകയാണ് ഫിഫ.

# വിനീത് ശ്രീനിവാസനും പ്രണവും വീണ്ടും ഒന്നിക്കുന്നു, ഒപ്പം വൻ താരനിരയും



ഹൃദയം എന്ന ചിത്രത്തിനുശേഷം പ്രണവ് മോഹൻലാലും വിനീത് ശ്രീനിവാസനും വീണ്ടും ഒന്നിക്കുന്നു. വിനീത് ശ്രീനിവാസൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ചിത്രത്തിന് 'വർഷങ്ങൾക്കു ശേഷം' എന്നാണ് പേരിട്ടിരിക്കുന്നത്.

മെറിലാൻഡ് സിനിമാസ് ആണ് ഈ ചിത്രം നിർമിക്കുന്നത്. ചിത്രത്തിൽ വൻതാരനിര തന്നെയുണ്ടാവും.നിർമാതാവ് വിശാഖ് സുബ്രമണ്യം തന്നെയാണ് ചിത്രത്തിന്റെ വിവരം സോഷ്യൽ മീഡിയയിൽ പങ്കുവെച്ചത്. ധ്യാൻ ശ്രീനിവാസൻ, അജു വർഗീസ്, കല്യാണി പ്രിയദർശൻ, ബേസിൽ ജോസഫ്, വിനീത് ശ്രീനിവാസൻ, നിരജ് മാധവ്, നീതാ പിള്ള, അർജുൻ ലാൽ, നിഖിൽ നായർ, ഷാൻ റഹ്മാൻ എന്നിവർക്കൊപ്പം നിവിൻ പോളിയും നിർണായകമായ വേഷത്തിലുണ്ട്.

മെറി ലാൻഡ് തന്നെയാണ് ചിത്രം തിയേറ്ററുകളിലെത്തിക്കുക.

## ചരിത്ര പ്രഖ്യാപനവുമായി ഐസിസി

# പുരുഷ, വനിതാ ടീമുകൾക്ക് ഇനി തുല്യ സമ്മാനത്തുക

ലോകക്രിക്കറ്റ് ചരിത്രത്തിലെ ചരിത്രപ്രധാന്യമേറിയ തീരുമാനമെടുത്ത് അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ. ഐസിസി സംഘടിപ്പിക്കുന്ന ടൂർണമെന്റുകളിൽ പുരുഷ-വനിതാ ടീമുകൾക്ക് ഇനി മുതൽ തുല്യ സമ്മാനത്തുകയായിരിക്കും നൽകുക. ദക്ഷിണാഫ്രിക്കയിലെ ഡർബനിൽ നടന്ന ഐസിസി വാർഷിക യോഗത്തിലാണ് ഇതുസംബന്ധിച്ച തീരുമാനമെടുത്തത്. 2030ഓടെയാവും പ്രഖ്യാപനം പൂർണമായും നിലവിൽ വരിക.ഐസിസി ടൂർണമെന്റുകളിൽ ചാമ്പ്യന്മാർക്ക് പുറമേ ഓരോ സ്ഥാനത്ത് ഫിനിഷ് ചെയ്യുന്ന പുരുഷ-വനിതാ ടീമുകൾക്കും തുല്യമായ തുക ലഭിക്കും. ഓരോ മത്സരത്തിനും ലഭിക്കുന്ന പ്രതിഫലവും തുല്യമായിരിക്കും. പുരുഷ-വനിതാ ക്രിക്കറ്റുകളിലെ സമത്വം ഉറപ്പുവരുത്തുന്നതിന് വേണ്ടിയാണ് ഐസിസിയുടെ പുതിയ നീക്കം.

# സഹൽ അബ്ദുൽ സമദ് കേരള ബ്ലാസ്റ്റേഴ്സ് വിട്ടു



കേരള ബ്ലാസ്റ്റേഴ്സിന്റെ മലയാളി സൂപ്പർ താരം സഹൽ അബ്ദുൽ സമദ് ക്ലബ് വിട്ടു. ട്രാൻസ്ഫർ ക്ലബ് ഔദ്യോഗികമായി സ്ഥിരീകരിച്ചു. ഹൃദയഭാരത്തോടെയാണ് സഹലിനോട് വിട പറയുന്നതെന്ന് ക്ലബ് പുറത്തിറക്കി വാർത്താകുറിപ്പിൽ പറയുന്നു. മോഹൻ ബഗാൻ സൂപ്പർ ജയിൻറ്സിലേക്കാണ് സഹൽ കൂടുമാറുന്നത്.

വെളിപ്പെടുത്താനാകാത്ത തുകയ്ക്കാണ് കൈമാറ്റമെന്ന് ക്ലബ് വാർത്താ കുറിപ്പിൽ പറഞ്ഞു. സഹലിനായി ഒരു കളിക്കാരനെയും കൈമാറും. ഹൃദയഭാരത്തോടെയാണ് സഹലിനെ കൈമാറുന്നത്. മുന്നോട്ടുള്ള യാത്രയിൽ നന്മ നേരുന്നു - ക്ലബ് പറഞ്ഞു.

ട്രാൻസ്ഫർ തുകയായി ഒന്നരക്കോടി രൂപയും സഹലിന് പ്രതിഫലമായി രണ്ടരക്കോടി രൂപയുമാണ് ബഗാൻ വാഗ്ദാനം ചെയ്തിരിക്കുന്നത് എന്നാണ് റിപ്പോർട്ട്. സഹലിന് പകരം മോഹൻ ബഗാൻ ക്യാപ്റ്റൻ പ്രീതം കോട്ടാൽ ബ്ലാസ്റ്റേഴ്സിലേക്ക് വരും. 2025 മെയ് വരെയാണ് സഹലിന് ബ്ലാസ്റ്റേഴ്സുമായി കരാറുണ്ടായിരുന്നത്. സഹലുമായി മൂന്നു വർഷത്തെ കരാറാണ് ബഗാൻ ഒപ്പുവയ്ക്കുന്നത്. പരസ്പര ധാരണയിൽ രണ്ടു വർഷം കൂടി നീട്ടാനാകും.സന്തോഷ് ട്രോഫിയിലെ മികച്ച പ്രകടനത്തിന് പിന്നാലെ, 2018 സീസണിൽ കേരള ബ്ലാസ്റ്റേഴ്സ് ബി ടീമിലൂടെയാണ് സഹൽ കേരള ക്ലബിലെത്തിയത്. 2018 മുതൽ 2023 വരെ ബ്ലാസ്റ്റേഴ്സിനായി 92 കളികളിൽ ബൂട്ടണിഞ്ഞിട്ടുണ്ട്. പത്തു ഗോളും നേടി. ഇന്ത്യൻ ടീമിലും സ്ഥിര സാന്നിധ്യമാണ്.

ഈയിടെ അവസാനിച്ച സാഫ് കപ്പിലും ഇന്റർകോണ്ടിനന്റൽ കപ്പിലും ഇന്ത്യക്കായി മികച്ച പ്രകടനം പുറത്തെടുത്തിരുന്നു. ഇന്ത്യൻ ജഴ്സിയിൽ 30 മത്സരങ്ങളിൽനിന്ന് മൂന്നു ഗോൾ സ്വന്തമാക്കിയിട്ടുണ്ട്.

## ഉത്തേജക മരുന്ന് വിരുദ്ധ ചട്ടങ്ങൾ ലംഘിച്ചു; ഗുസ്തി താരം വിനേഷ് ഫോഗട്ടിന് നോട്ടീസ്

ന്യൂഡൽഹി: ഗുസ്തി താരം വിനേഷ് ഫോഗട്ടിന് നാഡയുടെ നോട്ടീസ്.

ഉത്തേജക മരുന്ന് വിരുദ്ധ ചട്ടങ്ങൾ ലംഘിച്ചു, താമസ പരിശീലന വിവരങ്ങൾ നൽകണമെന്ന നിർദേശം പാലിച്ചില്ല തുടങ്ങിയ കാര്യങ്ങൾ ചൂണ്ടിക്കാട്ടിയാണ് ദേശീയ ഉത്തേജക വിരുദ്ധ ഏജൻസിയുടെ നോട്ടീസ്.

വിനേഷ് ഫോഗട്ടിന്റെ വിവരങ്ങൾ തേടി നാഡ ഉദ്യോഗസ്ഥർ താമസസ്ഥലത്ത് എത്തിയെങ്കിലും അവർ കാണാൻ തയ്യാറായില്ല. 14 ദിവസത്തിനകം മറുപടി നൽകണമെന്ന് ആവശ്യപ്പെട്ടാണ് നാഡ ഇപ്പോൾ നോട്ടീസ് നൽകിയിരിക്കുന്നത്.

# 750 കോടിയുടെ തട്ടിപ്പ്; ഗുജറാത്ത് മുൻമന്ത്രിക്ക് ഏഴ് വർഷം തടവ്



അഹമ്മദാബാദ്: 750 കോടി രൂപയുടെ സാമ്പത്തിക തട്ടിപ്പ് കേസിൽ ഗുജറാത്ത് മുൻ ആഭ്യന്തര മന്ത്രിയും ബി.ജെ.പി നേതാവുമായ വിപുൽ ചൗധരിയടക്കം 15 പേർക്ക് ഏഴുവർഷം തടവുശിക്ഷ. അമുൽ ബ്രാൻഡ് ഉടമസ്ഥരായ ഗുജറാത്ത് കോഓപറേറ്റീവ് മിൽക്ക് മാർക്കറ്റിങ് ഫെഡറേഷൻ (ജി.സി.എം.എം.എഫ്) മുൻ ചെയർമാനായിരുന്ന വിപുൽ ചൗധരി, 2005 2016 കാലയളവിൽ ചെയർമാനായിരിക്കെ നടന്ന സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട കേസിലാണ് നടപടി. കേസിൽ ആകെ 22 പ്രതികളാണുള്ളത്. ഇതിൽ മൂന്ന് പേർ വിചാരണക്കിടെ മരിച്ചു. നാല് പ്രതികളെ വെറുതെ വിട്ടു. ശേഷിക്കുന്ന 15 പേരെയാണ് മെഹ്സാന അഡിഷനൽ ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റ് വൈ.ആർ അഗർവാൾ ശിക്ഷിച്ചത്. ഐ.പി.സി 406 (വിശ്വാസ ലംഘനം), 465 (വ്യാജരേഖ ചമയ്ക്കൽ), 468 (വഞ്ചനയ്ക്കായി വ്യാജരേഖ ചമയ്ക്കൽ) എന്നീ വകുപ്പുകൾ പ്രകാരമാണ് ശിക്ഷ.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.